
# മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി - സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ ആഘാത പഠനം -അന്തിമ റിപ്പോർട്ട്



**24.08.2026.**

**ചെയർമാൻ**
**സാമൂഹ്യ ആഘാത പഠന യൂണിറ്റ്**
**കയ്റോസ് കണ്ണൂർ**

# മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി - സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ ആഘാത പഠനം -അന്തിമ റിപ്പോർട്ട്

കോഴിക്കോട് ജില്ലയിലെ ചാലിയാറിന്റെ പോഷകനദിയായ ഇരുവഞ്ഞിപ്പുഴയിൽ 6 MW വൈദ്യുതി ഉൽപാദിപ്പിക്കാൻ ശേഷിയുള്ള മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ നെല്ലിപ്പൊയിൽ വില്ലേജിൽ അതേ ദേശത്തിലുള്ള, സർവ്വേ നടത്തപ്പെടാത്ത 0.175319 ഹെക്ടർ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി സാമൂഹ്യ ആഘാത പഠനം നടത്താൻ നിയോഗിക്കപ്പെട്ട, സംസ്ഥാനതലത്തിൽ എംപാനൽ ചെയ്യപ്പെട്ട കയ്റോസ് കണ്ണൂർ വിശദമായ പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം.

## Executive Summary

## Project and Public Purpose

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയർ(C)ഇൻവെസ്റ്റിഗേഷൻ ആന്റ് പ്ലാനിംഗിന്റെ 23.12.2014 ലെ BO(DB) No.3373/2014(DGC/AEE-1/MARIPUZHA/2014 പ്രകാരം ചാലിയാറിന്റെ പോഷകനദിയായ ഇരുവഞ്ഞിപ്പുഴയിൽ 6 MW വൈദ്യുതി ഉല്പാദിപ്പിക്കാൻ ശേഷിയുള്ള മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി. 13.02.2015 ലെ GO (Rt) No.39/2015/PD പ്രകാരം സർക്കാരും ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR) ഇതിനായുള്ള കമ്മിറ്റി അംഗീകരിക്കുകയും, ലാഭകരമായ രീതിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ബോർഡ് തീരുമാനിക്കുകയും ചെയ്തതാണ്. 2012 ലെ PWD SoR പ്രകാരം ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 54.08 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. 13.03.2020 2020 ൽ ലഭിച്ച പുതുക്കിയ ഭരണാനുമതി പ്രകാരം അടങ്കൽ തുക 80.9361

കോടി രൂപയായി ഉയർത്തപ്പെട്ടിട്ടുണ്ട്. ലഭ്യമായ ഏറ്റവും പുതിയ DSR നിരക്കുകൾ(DSR -221) അനുസരിച്ച് പദ്ധതി എസ്റ്റിമേറ്റിൽ വർദ്ധനവ് വരാൻ സാധ്യതയുണ്ട്. ജലവൈദ്യുത പദ്ധതികൾക്ക് ഏറെ സാധ്യതകളുള്ള കേരളത്തിൽ ഇത് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കാത്ത സാഹചര്യമാണ്. വൻകിട ജലവൈദ്യുത പദ്ധതികൾക്ക് വനഭൂമി ആവശ്യമായി വരികയും, ഏറെ പ്രദേശം വെള്ളത്തിന്റെ അടിയിലാവുകയും ചെയ്യുന്ന പാരിസ്ഥിതിക പ്രശ്നം ഉള്ളതിനാൽ, മലിനീകരണ ഭീഷണി ഇല്ലാത്ത ഗൗരവമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാത്ത, സാമ്പത്തികമായി പാഴ്ചെലവ് ഒഴിവാക്കാൻ കഴിയുന്ന, പുനരുപയോഗിക്കാൻ കഴിവുള്ള ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് കേരളത്തിന് ഏറെ പ്രായോഗികമായിട്ടുള്ളത്. ഭാവിതലമുറയുടെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിനോട് യാതൊരു തരത്തിലുള്ള വിട്ടുവീഴ്ചയുമില്ലാതെ, ഇന്നത്തെ സമൂഹത്തിന്റെ വികസന ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ ചെറുകിട ജലസേചന പദ്ധതിതകൾക്ക് സാധിക്കുമെന്നത് ഏറെ പ്രതീക്ഷ ഉളവാക്കുന്നതാണ്. വളരെകുറച്ച് മാത്രം സ്ഥലം വെള്ളത്തിന്റെ അടിയിലാകുന്ന, കുറഞ്ഞ തോതിൽ മാത്രം പുരധിവാസം ആവശ്യമുള്ള, വളരെ കുറഞ്ഞ തോതിൽ മാത്രം പാരിസ്ഥിതിക ആഘാതം ഉണ്ടാകാനിടയുള്ള ചെറുകിട ജലസേചന പദ്ധതികൾ, ഇനിയും ഉപയോഗപ്പെടുത്താത്ത, കാണാമറയത്തുള്ള സാധ്യതകളെ ഉപയോഗപ്പെടുത്തി ഊർജ്ജോല്പാദനം നടത്തപ്പെടുമ്പോൾ, ഒരിക്കൽ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ ഹൈഡ്രോഇലക്ട്രിക് ടർബൈനുകൾ, ശുദ്ധമായ ഹരിതോർജ്ജം ഏറെക്കുറെ സൗജന്യമായി നൽകാൻ, കുറഞ്ഞ മുതൽ മുടക്കിൽ സ്ഥാപിക്കപ്പെടുന്ന ചെറുകിട പദ്ധതികൾക്ക് കഴിയുന്നു.

## Location

മറിപ്പുഴ ചെറുകിട ജലസേചന പദ്ധതിക്കായി കണ്ടുവെച്ചിരിക്കുന്ന 8.60 ഹെക്ടർ ഭൂമിയിൽ ഏകദേശം 43.32 സെന്റ്, സർവ്വേ നടത്തപ്പെടാത്ത, സ്വകാര്യ വ്യക്തികളുടെ ഭൂമി, കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിലെ നെല്ലിപ്പൊയിൽ അംശം ദേശത്തിലുള്ള കുണ്ടൻതോട് എന്ന സ്ഥലത്താണ്. കോഴിക്കോട് നഗരത്തിൽ നിന്നും 49 കിലോമീറ്റർ അകലെയുള്ളതും ഒറ്റപ്പെട്ടു കിടക്കുന്നതുമായ ഈ ഭൂമിയുടെ തെക്കു ഭാഗത്ത് ഇരുവഞ്ചിപ്പുഴയും ബാക്കി രണ്ട് ഭാഗത്ത് സ്വകാര്യ വ്യക്തികളുടെ

സ്ഥലവും ഒരു ഭാഗത്ത് വനമേഖലയുമാണ്. ഈ സ്ഥലത്തേക്ക് കോഴിക്കോട് നിന്ന് തിരുവമ്പാടി-ആനക്കാംപൊയിൽ, മുത്തപ്പൻ പുഴ വഴി എത്താം. പൊതുവഴികളൊന്നും ഇല്ലാത്ത ഈ സ്ഥലത്തേക്ക് നിലവിലുള്ള മലമ്പാതയിലൂടെ(ചുരം) മാത്രമേ എത്തിപ്പെടാനാകൂ. ഈ സ്ഥലം ഉത്തര അക്ഷാംശം 11 °26' 45'' പൂർവ്വ രേഖാംശം 76° 05 25.50''ലും സ്ഥിതി ചെയ്യുന്നു.

## Size and Attributes of Land Acuisition

ഈ പദ്ധതിക്കായി ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന 28 ഓളം സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഏറെ കുടുംബങ്ങൾ താമസിച്ചിരുന്നു. എന്നാൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ആരും തന്നെ നിലവിൽ താമസിക്കുന്നില്ല. DPR തയ്യാറാക്കുന്ന സമയത്ത് രണ്ട് വീടുകൾ മാത്രമാണ് ഉണ്ടായിരുന്നത്. അവർ ഇപ്പോൾ ഇവിടെ താമസിക്കുന്നില്ല. നേരത്തെ വ്യക്തമാക്കിയതുപോലെ തെക്ക് ഭാഗത്ത് ഇരുവഞ്ഞിപ്പുഴയും ബാക്കി മൂന്ന് ഭാഗത്ത് വനമേഖലയുമാണ്. കുണ്ടൻതോട് എന്ന പ്രാദേശികമായി അറിയപ്പെടുന്ന നെല്ലിപ്പൊയിൽ വില്ലേജിൽപ്പെടുന്ന ഈ സ്ഥലത്തെ താമസക്കാരിൽ ഭൂരിഭാഗവും, കാർഷികവിള നഷ്ടവും, യാത്രാ സൗകര്യത്തിന്റെയും, വാർത്താവിനിമയ സൗകര്യങ്ങളുടെ കുറവുകൾ കാരണം ഇരുവഞ്ഞിപ്പുഴയുടെ ഇടതു ഭാഗത്തേക്ക് താമസം മാറ്റിയതായും അറിയാൻ കഴിഞ്ഞു. അവസാനമായി രണ്ട് കുടുംബങ്ങൾ ബാക്കിയായിരുന്നെങ്കിലും അവർ ഇവിടുത്തെ താമസം മതിയാക്കി താഴ്വാരത്തേക്ക് മാറിയിരിക്കുകയാണ്

## Alternatives Considered

മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിനായിട്ടാണ് സർവ്വേ ചെയ്യപ്പെടാത്ത, നെല്ലിപ്പൊയിൽ അംശം ദേശത്തിലെ കുണ്ടൻ തോടിലെ 43.32 സെന്റ് സ്വകാര്യവ്യക്തികളുടെ സ്ഥലം അധികമായി ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി ആദ്യം കണ്ടെത്തിയത് പൊട്ടൻകയത്തിൽ നിന്ന് 50 മീറ്റർ താഴോട്ടുള്ള സ്ഥലമായിരുന്നു. ഈ സ്ഥലം സാമൂഹ്യവനവൽക്കരണത്തിനായി പ്രത്യേകം നീക്കിവെക്കപ്പെട്ടതിനാൽ പദ്ധതിയുടെ ജലപാതയ്ക്ക് തടസ്സമാകുമെന്നതിനാൽ

ഉപേക്ഷിച്ചു. രണ്ടാമതായി ഇരുവഞ്ഞിപ്പുഴയുടെ ആഴം കുറഞ്ഞ ഒരു കടവിനു സമീപമായിരുന്നു. ഇവിടേക്കുള്ള ജലപാത ദീർഘവും പ്രയാസമുണ്ടാക്കുന്നതു മായതിനാൽ ഈ നിർദ്ദേശവും ഉപേക്ഷിക്കപ്പെട്ട സാഹചര്യത്തിലാണ് ഇപ്പോഴത്തെ സ്ഥലം കണ്ടെത്തിയത്. ഇവിടുത്തെ പദ്ധതിയുടെ കനാൽ, സ്വകാര്യ വ്യക്തിയുടെ സ്ഥലത്തൂടെയാണെങ്കിലും സാമൂഹ്യ വനവത്ക്കരണത്തിനായി നീക്കിവയ്ക്കപ്പെട്ട സ്ഥലത്തിനും, വനമേഖലയ്ക്കും ഇടയിലായതിനാലും ഏറെ അനുയോജ്യമായതി നാലും പകരം സ്ഥലം പരിഗണിക്കപ്പെടേണ്ടതില്ല.

## Social Impacts

ഇവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്നത് ഒരു ചെറുകിട ജലവൈദ്യുത പദ്ധതിയാണ്. ഈ ജലവൈദ്യുത പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്ന 43.32 സെന്റ് സ്ഥലത്ത് ഇപ്പോൾ ആരും തന്നെ താമസിക്കുന്നില്ല. ഈ സ്ഥലത്ത് ഏകദേശം 300 കുരുമുളക് വള്ളികൾ, 30 കോക്കൊ, 15 കാപ്പി ചെടികൾ, 15 ജാതിക്കാ മരങ്ങൾ, 4 തേക്ക്, ഒരു ആഞ്ഞിലി, 2 പ്ലാവ് എന്നിവയുണ്ട്. ഉടമ തന്നെയാണ് ഇതിനെ പരിപാലിക്കുന്നത്. ഇതിൽ നിന്നുള്ള വരുമാന നഷ്ടം ഇദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വലിയ ഒരു ആഘാതമാണ്. അതുപോലെ തന്നെ തൊഴിലിനായി ഉടമ ഒഴികെ ആരും ഈ സ്ഥലത്തെ ആശ്രയിക്കു ന്നുമില്ല. ഇത് ഒരു വനഭൂമിയല്ല. ഇരുവഞ്ഞിപ്പുഴയുടെ ഒഴുക്കിനെ മാത്രം ആശ്രയിക്കുന്ന ഈ പദ്ധതി നടപ്പിലാക്കാൻ വനപ്രദേശമോ, ഭൂപ്രദേശമോ വെള്ളത്തിനടിയിലാകുന്നില്ല. ഈ പദ്ധതിക്കായി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങളോ, നിർമ്മിതികളോ പദ്ധതിയുടെ പരിപാലത്തിനായുള്ള ജീവനക്കാരോ, പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കാനുള്ള സാഹചര്യം ഉണ്ടാകുന്നില്ല. അതുപോലെ തന്നെ മണ്ണൊലിപ്പോ, മണ്ണിടിച്ചിലോ, പാറയിളക്കമോ ഇല്ലാതെ നോക്കാനായി ഇവിടെ രാമച്ചം വെച്ചുപിടിപ്പിക്കാനും ഉദ്ദേശിക്കുന്നതിനായി വിശദ പ്രൊജക്ട് റിപ്പോർട്ടിൽ പറയുന്നു. 2 മുതൽ 4 മീറ്റർ വരെ ആഴത്തിൽ വേരിറങ്ങുന്ന രാമച്ചം ഈ മേഖലയിലെ മണ്ണിനെ സംരക്ഷിക്കുന്നു. മൊത്തമായി നോക്കുകയാണെ ങ്കിൽ ഈ ജലവൈദ്യുത  പദ്ധതി ഒരുതരത്തിലുള്ള സാമൂഹിക ആഘാതങ്ങളും ഉണ്ടാക്കുന്നില്ല.

## Mitigation Meassures

ഈ പദ്ധതിക്കായി മൊത്തം ആവശ്യമായ 8.60 ഹെക്ടറിൽ 7.50 ഹെക്ടർ സ്വകാര്യ വ്യക്തികളുടെ സ്ഥലം 28 പ്ലോട്ടുകളായി ഉള്ളതാണ്. ഇതിൽ 26 എണ്ണം ഏറ്റെടുത്തു കഴിഞ്ഞു. ഇനി രണ്ട് പ്ലോട്ടുകളാണ് ഏറ്റെടുക്കാൻ ബാക്കിയുള്ളത്. അതിൽ ഒന്നാണ് ഈ 43.32 സെന്റ് സ്ഥലം. ഈ സ്ഥലത്ത് ഏകദേശം 300 കുരുമുളക് വള്ളികൾ, 30 കോക്കൊ, 15 കാപ്പി ചെടികൾ, 15 ജാതിക്കാ മരങ്ങൾ, 4 തേക്ക്, ഒരു ആഞ്ഞിലി, 2 പ്ലാവ് എന്നീ നാണ്യവിളകളും ഫലവൃക്ഷങ്ങളുമുണ്ട്. സ്ഥലത്തിന് ന്യായമായ നഷ്ടപരിഹാരം നൽകപ്പെടുന്നതോടൊപ്പം , പൊതുവേ ആരും താമസിക്കാത്ത ഈ സ്ഥലത്തിന് ന്യായമായ നഷ്ടപരിഹാരം ഉടമയ്ക്ക് നൽകപ്പെടുകയാണ് പ്രധാനപ്പെട്ട ഒരു നഷ്ടപരിഹാര നടപടി. പൊതുവെ പ്രകൃതിക്ക് ഇണങ്ങുന്ന രീതിയിലായിരിക്കും പദ്ധതി നടപ്പിലാക്കുക എന്നത് ഡി പി ആറിൽ വ്യക്തമാക്കപ്പെട്ടു കഴിഞ്ഞതാണ്. നേരത്തേ വ്യക്തമാക്കിയതുപോലെ 24.03.20218, 03.11.2018 എന്നീ തീയ്യതികളിൽ ഭൂഉടമ കളുമായി നടന്ന DLPC യോഗത്തിലെ ചർച്ചകളുടെ ഫലമായി ഈ പദ്ധതി നടപ്പിലാ ക്കാൻ KSEB Ltd ന് 26 ഉടമകൾ അവരുടെ ഭൂമി വിട്ടു നൽകി കഴിഞ്ഞതാണ്. നിർമ്മാണം മൂലം മണ്ണൊലിപ്പോ, മണ്ണിടിച്ചിലോ, പാറയിളക്കമോ പ്രതിരോധിക്കുന്നതി നായി വ്യാപകമായി രാമച്ചം നട്ടുപിടിപ്പിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## Detailed project description

- ### Background of the project, including developer's background and governance/management structure.

കേരളത്തിന്റെ ത്വരിത വികസനത്തിന് വിഘാതമായി നിൽക്കുനന്നതിൽ പ്രധാന ഘടകം ഊർജ്ജ പ്രതിസന്ധി ആണ്. പ്രതിദിനം വർദ്ധിച്ചു വരുന്ന ഊർജ്ജാവശ്യ ങ്ങൾ നിറവേറ്റുന്നതിന് സർക്കാരും KSEB യും പുതിയ മാർഗ്ഗങ്ങൾ അന്വേഷിച്ചു വരുന്നു. പ്രധാനമായ സ്രോതസ്സുകൾ താപം, ന്യൂക്ലിയർ, ജലവൈദ്യുതികളാണ്. കേരളത്തിന്റെ ഈ ഊർജ്ജ മേഖലകളിൽ താപ,ന്യൂക്ലിയർ വൈദ്യുതിക്ക് സാധ്യതവ ളരെ കുറവാണ്. നമുക്ക് ആശ്രയിക്കാവുന്ന പ്രധാന സ്രോതസ്സ് ജലവൈദ്യുതി തന്നെ യാണ്. എന്നാൽ പാരിസ്ഥിതിക-സാമൂഹ്യ-സാമ്പത്തികഘടകങ്ങളാൽ ജലവൈദ്യുതി പദ്ധതി നിർദ്ദേശങ്ങൾ ഉപേക്ഷിക്കപ്പെടുകയോ, നീട്ടി വയ്ക്കപ്പെടുകയോ ചെയ്ത

സാഹചര്യത്തിലാണ് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതയിലേക്ക് മാറുന്നത്. 2008 നവംബറിൽ ഇരുവഞ്ഞി പുഴയടെ ഇടതുഭാഗത്ത്, പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുന്ന ഘട്ടത്തിൽ, നിർദ്ദിഷ്ട അണയുടെ ഭാഗത്ത് മണ്ണിടിച്ചൽ ഉണ്ടാകുന്നു. ഈ സമയത്ത് PMRY പദ്ധതി പ്രകാരം മുത്തപ്പൻ പുഴക്കും മറിപ്പുഴയ്ക്കും ഇടയിലായി നിർമ്മിക്കപ്പെട്ട പുതിയ സദക്ക് റോഡ് പദ്ധതി ഘടകങ്ങളെ പല സ്ഥലങ്ങളിൽ തടസ്സപ്പെടുത്തുന്നതും, പവർഹൗസ്, സ്വിച്ച് യാർഡ് എന്നിവ ഇവിടുത്തെ ട്രൈബൽ കോളനിയിലും ശ്മശാന പരിസരത്തും ആയതും പവർഹൗസ് പ്രദേശം മുത്തപ്പൻ പുഴ, എൽ പി സ്ക്കൂൾ പരിസരത്തായതും, റോഡ് വന്നതിനാൽ സ്ഥലത്തിന്റെ വിലയിൽ ക്രമാതീതമായ വർദ്ധനവ് എന്നിവ ഭൂമി ഏറ്റെ ടുക്കൽ നടപടിയിലും, പാറപൊട്ടിക്കലിന് തടസ്സമായതോടെയാണ് ജനവാസം വളരെ കുറഞ്ഞ പുഴയുടെ കിഴക്ക് കൂമൻതോട് ഭാഗം ഇതിനായി തിരഞ്ഞെടുത്തത്. 1957 ൽ സ്ഥാപിതമായ, പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ KSEB എന്ന ഈ സ്ഥാപനം 2013 ൽ പുനസംഘടനയിലൂടെ ഒരു പബ്ലിക്ക് ലിമിറ്റഡ് കമ്പനിയായി മാറു കയും ചെയ്തു. ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുകയും, മറ്റ് ഊർജ്ജസ്രോതസ്സു കളായ താപം, സോളാർ, വായു എന്നിവയെ ആശ്രയിച്ചു വൈദ്യുതി ഉൽപാദിപ്പി ക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രക്കുകയും ചെയ്യുന്നു. ചെയർമാനും മാനേജിംഗ് ഡയ റക്ടറുമായ മുതിർന്ന ഉദ്യോഗസസ്ഥനാണ് KSEB യെ നയിക്കുന്നത്. 3 പ്രധാന മായ വിഭാഗങ്ങളായ ഉൽപാദനം, പ്രസരണം, വിതരണം എന്നിവ ഓരോ ഡയറ ക്ടർമാരുടെ നിയന്ത്രണത്തിലാണ്. ഇതിനു പുറമെ ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, EE,AEE,AE തുടങ്ങി താഴെ ലൈൻമാൻമാർ വരെ ഈ സംവിധാനത്തിന്റെ ഭാഗമാണ്.

## **Rationale for project including how the project fits the public purpose criteria listed in the act**

നിരന്തരം വർദ്ധിച്ചു വരുന്ന വൈദ്യുതിക്കായുള്ള ആവശ്യം തൃപ്തിപ്പെടുത്താൻ വൻകിട ജലവൈദ്യുത, താപ വൈദ്യുതി, ന്യൂക്ലിയർപദ്ധതികളാണ് സ്ഥാപിക്കപ്പെടേണ്ടത്. എന്നാൽ പാരിസ്ഥിതിക പ്രശ്നങ്ങളും സാമൂഹിക സാമ്പത്തിക ഘടകങ്ങളും കാരണം വൻകിട, ഇടത്തരം വൈദ്യുത പദ്ധതികൾ

ഉപേക്ഷിക്കപ്പെടുകയോ, മാറ്റിനിർത്തപ്പെടുകയോ ആണ് ചെയ്യപ്പെടുന്നത്. അത്തരം സാഹചര്യത്തിലാണ് ചെറുകിട ജലസേചന പദ്ധതികളുടെ യുക്തി പ്രസക്തമാകുന്നത്. വർദ്ധിച്ചു വരുന്ന ആവശ്യങ്ങളെ പൂർണ്ണമായും തൃപ്തിപ്പെടുത്താൻ സാധിക്കില്ലെങ്കിലും, ചെറിയ മുതൽ മുടക്കിൽ പരിസ്ഥിതിക്കോ, ജൈവസമ്പത്തിനോ സാരമായ കോട്ടങ്ങൾ ഇല്ലാതെ ദീർഘകാല സേവനം ലഭിക്കാവുന്ന, വേഗത്തിൽ നേട്ടം ലഭിക്കാനിടയുള്ള പദ്ധതികൾക്ക് പ്രാമുഖ്യവും യുക്തിയും ലഭ്യമാകുന്നു. ഏറ്റവും കൂടുതൽ വൈദ്യുതി, ദിവസേന ആവശ്യമായി വരുന്ന 6 PM മുതൽ 11PM വരെയും, വേനൽ കാലത്തും സാധാരണക്കാർക്ക് ചുരുങ്ങിയ നിരക്കിൽ വൈദ്യുതി നൽകാൻ സാധിക്കാതെ വരുമ്പോൾ കൂടിയ നിരക്കിൽ മറ്റ് സംവിധാനങ്ങൾ ഉപയോഗിച്ച് വൈദ്യൂതി വാങ്ങേണ്ടി വരികയും അത് സാധാരണ ജനസമൂഹത്തിന് താങ്ങാനാവുന്നതിലും വലിയ ഭാരമായി മാറുകയും ചെയ്യുന്നു. ഇത്തരം സാഹചര്യത്തിൽ താങ്ങാവുന്ന നിരക്കിൽ വൈദ്യൂതി നൽകപ്പെടണമെങ്കിൽ, നമ്മുടെ സംസ്ഥാനത്തിൽ തന്നെ ചെലവു കുറഞ്ഞ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ 6 MW വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന ഈ പദ്ധതി പൊതുആവശ്യാർത്ഥം തന്നെയാണ് എന്ന് സംശയലേശമന്യേ പറയാൻ സാധിക്കും.

## Details of project size, location, capacity, output, production targets, costs, risks

മറിപ്പുഴയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഈ ചെറുകിട ജലവൈദ്യുത പദ്ധതി പൂർത്തിയാകുന്നതോടെ 6 MW, അതായത് പ്രതിവർഷം ശരാശരി 15.31 MU (Million Unit) വൈദ്യുതി ഉൽപാദിപ്പിക്കാൻ ശേഷിയുണ്ടാകും. വാർഷിക ഉൽപാദനം 90 ശതമാനം വരെ എന്ന കണക്ക് നോക്കിയാൽ 14.84 MU വൈദ്യുതി ഉൽപാദിപ്പിക്കപ്പെടാനാകും. കോഴിക്കോട് ജില്ലയിലെ നെല്ലിപ്പൊയിൽ വില്ലേജിലെ, ചാലിയാർ നദീതടത്തിലെ ഇരുവഞ്ഞിപ്പുഴയിൽ കുണ്ടൻതോട് എന്ന സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കാൻ പോകുന്നത്. നേരത്തെ വ്യക്തമാക്കിയതുപോലെ 11°26' 45''ഉത്തര അക്ഷാംശത്തിലും 76° 05 25.50 പൂർവ്വ രേഖാംശത്തിലുമാണ് ഈ

പദ്ധതിയുടെ പവർഹൗസ് സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയുടെ ശേഷി നേരത്തെ വ്യക്തമാക്കിയതുപോലെ 6 MW ഉൽപാദനമാണ്. അതായത് ഒരു വർഷം 15.31 MU ആയിരിക്കും ശേഷി. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ പവർഗ്രിഡിലേക്ക് 6 MW വൈദ്യുതി കൂടി ലഭ്യമാക്കപ്പെടുന്നു എന്നതാണ്. ഏറ്റവും കൂടുതൽ ഉപഭോഗം കൂടുന്ന സമയത്തും കൂടുതൽ വൈദ്യുതി ഉപയോഗിക്കപ്പെടുന്ന വേനൽകാലത്തും കൂടിയ നിരക്കിന് വൈദ്യുതി വാങ്ങുന്നതിന് കുറവുണ്ടാകുകയും സാധാരണ ജനത്തിന്റെ ബില്ലിൽ ആനുപാതിക കുറവ് ഉണ്ടാക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുകയായി കണക്കാക്കിയിരിക്കുന്നത് 54.08 കോടി രൂപയാണ്. ഇത് 2012 ലെ പൊതുമരാമത്ത് വകുപ്പിന്റെ നിരക്കിനനുസരിച്ച് തയ്യാറാക്കപ്പെട്ടതാണ്. 2016 ലെ DSR (Delhi Schedule of Rate). 2019 ലെ വിലസൂചികക്കനുസൃതമായി അടങ്കൽ തുക 80.9361 ആയി വർദ്ധിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കപ്പെടുന്നത് 2016 ലെ റിപ്പോർട്ടിനും 10 വർഷത്തിനു ശേഷമായതിനാൽ അടങ്കൽതുകയിൽ വർദ്ധനവ് ഉണ്ടാകാനിടയുണ്ട്. ഒരു ജലവൈദ്യുത പദ്ധതി യായതുകൊണ്ടു തന്നെ ഒരു തരത്തിലുള്ള അപകട സാധ്യതയോ, നഷ്ടസാധ്യതയോ ഉണ്ടാകാനിടയില്ല. പദ്ധതിക്കായി ചിലവിട്ട മുടക്ക് മുതൽ 11 വർഷം കൊണ്ട് തിരികെ ലഭിക്കുന്ന രീതിയിലാണ് പ്രൊജക്ട് റിപ്പോർട്ടിൽ വ്യക്തമാകുന്നത്.

## ❖ Examination of alternatives

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 28 പ്ലോട്ടുകളിലെ 7.50 ഹെക്ടർ സ്വകാര്യ വ്യക്തികളുടെ ഭൂമിയാണ് ആവശ്യമായി വരുന്നത്. ഇതിൽ 26 പ്ലോട്ടുകൾ നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുത്തു കഴിഞ്ഞതാണ്. 27-ാമത്തെ പ്ലോട്ടാണ് ശ്രീ അബ്രഹാമിന്റേത്. ഇതു കൂടാതെ മനോജ് സെബാസ്റ്റ്യൻ എന്ന വ്യക്തിയുടെ 28-ാം നമ്പർ പ്ലോട്ട് കൂടിയാണ് ഏറ്റെടുക്കപ്പെടേണ്ടത്. ഇദ്ദേഹത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വനംവകുപ്പുമായി തർക്കം നിലനിൽക്കുന്നതിനാലാണ് ഏറ്റെടുക്കൽ വൈകുന്നത് എന്നറിയാൻ കഴിഞ്ഞു. ഈ ജലവൈദ്യുത പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് കണ്ടെത്തിയിരിക്കുന്നത്. അതിൽ 90% സ്ഥലവും

ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞു. നേരതേതെ സൂചിപ്പിച്ചതു പോലെ ഏറ്റവും അനുയോജ്യ മായ സ്ഥലമായതിനാൽ പകരം സ്ഥലം കണ്ടെത്തേണ്ട ആവശ്യം ഇല്ല.

## Phase of Project Construction

പ്രൊജക്ടിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

- ❖ നിർദ്ദിഷ്ട പദ്ധതി പ്രദേശം പദ്ധതിക്കായി ഒരുക്കൽ
- ❖ തടയണ നിർമ്മാണം (Trench Weir)
- ❖ ജലസംഭരണിയുടെ നിർമ്മാണം (Inlake Chamber)
- ❖ പവർഹൗസിനു സമീപത്തേക്കുള്ള കനാൽ (Power Channel)
- ❖ ചെറിയ ജലസംഭരണി (Forebay)
- ❖ ഫോർബേയിൽ ഓവർഫ്ളോ ചാനൽ
- ❖ പെൻസ്റ്റോക്ക് (ഫോർബേയിൽ നിന്നും അതീവ മർദ്ദത്തിൽ ടർബൈനിലേക്ക് വെള്ളം എത്തിക്കുന്ന വലിയ ഇരുമ്പ് പൈപ്പ്)
- ❖ പവർഹൗസും സ്വിച്ച് യാർഡും
- ❖ ട്രയൽ റെയിസ് ചാനൽ
- ❖ പവർഹൗസിലേക്ക് എത്തിച്ചേരാനുള്ള റോഡ്
- ❖ തടയണയുടെ ഭാഗത്തേക്കുള്ള റോഡ്
- ❖ പവർഹൗസ് ബ്രിഡ്ജ്
- ❖ തടയണയുടെ ഭാഗത്തുള്ള പാലം

## Core design features and size and type of facilities

- ❖ A diversion trench weir 18 m long and 2m wide
- ❖ A small diversion weir across the stream and an open channel of 50 m length adjacent to intake chamber
- ❖ A closed type free flow intake channel(Box type) of length 9m and 2m wide
- ❖ An intake chamber of size 4x4x9 meter.
- ❖ Intake gate of size 1.7x 1.7 meter.

- ❖ Power duct of size 1.70m x 1.70m and 80m length.
- ❖ Three nos surplus weirs at chainage 37,370 & 1020
- ❖ 355m long R.C long rectangular power channel and 240m of cut and cover channel of size 2.90m x 1.50m with 0.75 free board and 1 in 750 bed slope of 510m length of Trapizoidal open channel, base width of 1.4m, depth of flow 1.50m of side slope of channel 1 in 1 and 6 nos of transition length 30m.
- ❖ A Rectangular RC forebay tank having a live storage of 920m3
- ❖ Three slot vertical trash rack with 1: 4 slop for easy raking
- ❖ 1.02m x 1.40m penstock gate, bell mouth entry, transition.
- ❖ 1.40m dia single surface penstock of spirally welleded steel pipe 319.02m long birfurcates in to two feeder pipes of 1:1 dia and 14m long.
- ❖ A surface power hose of size 29.50 in to 10m for housing to horizondal francis terbine each of 3000 KW
- ❖ A rectangular tail race chamber of 15.00m x 12.50m and a tail race chanel of 3.7m wide and 1.00m water deep + 0.75m free board to lead the water let in to the same rever after power generation.

## Need of ancillary infrastructural facilities

പൊതുവെ ആവശ്യത്തിനുള്ള ഗതാഗത സൗകര്യമില്ലാത്ത ഒറ്റപ്പെട്ട ഒരു സ്ഥലമാണ് ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്നത്. ഇപ്പോൾ ഒരു മലമ്പാത മാത്രമാണ് ഇവിടെയുള്ളത്. പദ്ധതി സംബന്ധിച്ച പ്രവർത്തനങ്ങൽ ആരംഭിക്കുമ്പോൾ പവർ ഹൗസിലേക്ക് എത്തി ച്ചേരാനുള്ള റോഡ്, തടയണയുടെ ഭാഗത്തേക്കുള്ള റോഡ്പാലം പവർ ഹൗസിലേ ക്കുള്ള ബ്രിഡ്ജ് എന്നീ അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. എന്ന് DPR ൽ വ്യക്തമാക്കിയിട്ടുണ്ട്.

## Details of social impact assessment/ Environment impact assessment if already conducted and any technical feasibility reports

ഇവിടെ പരാമർശിക്കുന്ന 43.32 സെന്റ് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഇത്തരത്തി ലുള്ള പഠനം നടത്തിയിട്ടില്ല.

## Applicable law and policies

പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമകൾക്കും ആ ഭൂമിയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കും വരുമാനത്തിനോ, ജീവനോപാധികൾക്കോ, പരിസ്ഥിതിക്കോ, പൊതുജനാരോഗ്യത്തിനോ ഉണ്ടാകുന്ന ആഘാതം പരമാവധി ലഘൂകരിക്കാൻ പര്യാപ്തമായതും ഇവിടെ പ്രായോഗികവുമായ നിയമങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

1. RFCTLARR Act, 2013
2. RFCTLARR Act (Kerala) rules 2015
3. RTI Act 2005 etc

## Team composition approach, methodology and schedule of the Social Impact Assessment.

മറിപ്പുഴയിൽ 6 MW ഉൽപാദന ശേഷിയുള്ള ഒരു ചെറുകിട ജലവൈദ്യുത പദ്ധതി ആരംഭിക്കുന്നതിനായി നെല്ലിപ്പൊയിൽ അംശം ദേശത്തിലെ കുണ്ടൻതോട് എന്ന പ്രദേശത്തെ സർവ്വേ ചെയ്യപ്പെടാത്ത 0.175319 H(43.32 സെന്റ്) സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടറുടെ 16.07.2026 തീയ്യതിയിലെ DCKKD/6478/2017 –B1 നടപടി ക്രമപ്രകാരം കയ്റോസ് കണ്ണൂരിനെ ചുമതലപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 2026 ഫെബ്രുവരി 21 ലെ 739-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### List of all team members with qualification

| ക്രമ നമ്പർ | പേര് | പദവി | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | ഫാ. ജോർജ്ജ് മാത്യു Ph:9447793430 | ചെയർമാൻ | BSc Psychology |
| 2 | ഫാ. ഷൈജു പീറ്റർ Ph: 9400371739 | അംഗം | MSW sociologist |
| 3 | ശ്രീ. ചന്ദ്രൻ കെ വി Ph: 9846871777 | അംഗം | BA. (Eco), MA (His), Rtd. Fisheries Dvlp Officer |
| 4 | ശ്രീ. റോയ് ചെറിയാൻ Ph: 9048002849 | അംഗം | Bcom. Chain Survey (Lower) |
| 4 | ശ്രീമതി.ജെസി റെജി Ph: 9947584887 | അംഗം | BA (Mal) DCA |

## **Description and rationale for the methodology and tools used to collect information for the social impact assessment**

പഠനോപാധികളും പഠന വിഷയവും

ചാലിയാറിന്റെ കൈവഴിയായ ഇരുവഞ്ചിപ്പുഴയിൽ കുണ്ടൻതോടിന് സമീപം മറിപ്പുഴ 6 MW ചെറുകിട ജലസേചന പദ്ധതി, KSEB Ltd നേരിട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, ഏറ്റെടുക്കാൻ ബാക്കിയുള്ളതിൽ നെല്ലിപ്പൊയിൽ അംശം ദേശത്ത് സർവ്വേ ചെയ്യപ്പെടാത്ത 43.32 സെന്റ് സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹിക ആഘാത പഠനം നടത്തുന്നതിനായി Informal Interview with key informants എന്ന ടൂളാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി മൊത്തം ആവശ്യമായി വരുന്നത് 8.52 ഹെക്ടർ സ്ഥലമാണ്. ഇതിൽ സ്വകാര്യ വ്യക്തികളുടെ ഭൂമിഏറ്റെടുക്കുന്നതിനായി 24.03.2018 നും, 03.11.2018 നും DLPC (District Level Purchase Committee) മീറ്റിംഗ് നടത്തി, ഭൂമിയുടെ വില അന്തിമമായി നിശ്ചയി ച്ച് തീരുമാനമാകുകയും അതനുസരിച്ച് 26 ഭൂഉടമകളും പദ്ധതി നടത്തിപ്പിനായി KSEB Ltd കൈമാറി കഴിഞ്ഞിരിക്കുകയാണ്. ജനവാസമില്ലാത്തതും തെക്ക് ഭാഗം ഇരുവഞ്ചിപ്പുഴയും രണ്ട് ഭാഗം സ്വകാര്യ വ്യക്തികളുടെ സ്ഥലവും ബാക്കിയുള്ള ഒരു ഭാഗം വനമേഖലയുമാണ്. മൊത്തം 28 ഉടമകളുടെ കൈവശമുളള 28 പ്ലോട്ടുകളിലെ 26 എണ്ണത്തിൽപ്പെടുന്ന 5.76 ഹെക്ടർ സ്ഥലം KSEB Ltd ലഭിച്ചു കഴിഞ്ഞതായി മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. പുഴ അടക്കമുള്ള വനഭൂമി 1.9801 ഹെക്ടർ സ്ഥലമാണ്. നിബന്ധനകൾ പാലിക്കപ്പെട്ട സാഹചര്യത്തിൽ സ്റ്റേജ് 1 ക്ലിയറൻസ് ലഭിച്ചു കഴിഞ്ഞതാണ്. വനഭൂമിക്ക് പകരമായി തരിയോട് എന്ന സ്ഥലത്ത് 2.2219 ഹെക്ടർ ഭൂമി പകരമായി നൽകിയിട്ടുണ്ട്. നിർദ്ദേശിക്കപ്പെട്ട നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കപ്പെടുന്ന സാഹചര്യത്തിൽ സ്റ്റേജ് 2 അനുമതിയും തുടർന്ന് അന്തിമ അനുമതിയും ലഭിക്കുന്നതാണ്. ഈ പ്രദേശം സന്ദർശിക്കുന്ന സമയത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി അന്നക്കുട്ടി ദേവസ്യ, വൈസ് പ്രസിഡണ്ട് ശ്രീ അലക്സ് തോമസ് ചെമ്പകശ്ശേരി, VII -ാം വാർഡ് മെമ്പർ ശ്രീ ശിവദാസൻ, KSEB യിൽ നിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രീതി പി ടി, അസി.എക്സിക്യൂ ട്ടീവ് എഞ്ചിനീയർ രമ്യ ടി കെ, അസി. എഞ്ചിനീയർമാരായ ജിതിയ കെ കെ, രവീണ പി എന്നിവരും ഒപ്പമുണ്ടായിരുന്നു. നിയമത്തിൽ അനുശാസിക്കുന്ന രീതി യിൽ പൊതുകേൾക്കൽയോഗം നടത്തി കൂടുതൽ വിവരങ്ങൾ ശേഖരിക്കാനും കഴിഞ്ഞിട്ടുണ്ട്.

## Sampling methodology used

മറിപ്പുഴ ചെറുകിട ജലസേചന പദ്ധതിക്കായി മൊത്തം ആവശ്യമായ 28 പ്ലോട്ടുകളിൽ 26 എണ്ണം ഏറ്റെടുത്തു കഴിഞ്ഞതായാണ് അറിയുന്നത്. അതിൽ ബാക്കിയുള്ള രണ്ടെണ്ണത്തിൽ ഒന്നാണ് ഈ 43.32 സെന്റ് ഭൂമി മുൻകാലത്ത് ജനവാസമേഖലയായിരുന്നുവെങ്കിലും വന്യമൃഗശല്യം യാത്രാ സൗകര്യമില്ലായ്മ, വാരാ ്താവിനിമയ സൗകര്യക്കുറവ് എന്നിവ കാരണം ഇവിടുത്തെ താമസക്കാരിൽ ബഹുഭൂരിപക്ഷവും താഴ്വാരങ്ങളിലേക്ക് മാറി താമസിച്ചിരുന്നു. ബാക്കിയായ 12 കുടുംബങ്ങളിൽ 10 പേർ രണ്ടാം ഘട്ടത്തിലും ബാക്കിയായ രണ്ട് പേർ അവസാന ഘട്ടത്തിലും അവിടം വിട്ടുപോയി. ഇപ്പോൾ ജനവാസമില്ലാത്ത ഒഴിഞ്ഞ സ്ഥലമാണ്. ഈ സ്ഥലം പഠനാവശ്യത്തിനായി സന്ദർശിക്കുമ്പോൾഗ്രാമപഞ്ചായത്ത് ഭരണാധികാരികളും, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും വില്ലേജ് ഓഫീസ്, KSEB പ്രതിനിധികളും ഉണ്ടായിരുന്നതിനാൽ പ്രത്യേകമായ പഠനരീതികൾ ഒന്നും തന്നെ അവലംബിക്കേണ്ടി വന്നിട്ടില്ല.

## Overview of information/ data sources used.

നേരത്തെ വ്യക്തമാക്കിയതുപോലെ ഈ സ്ഥലം ഏറ്റെടുക്കുന്നത് മറിപ്പുഴ ചെറുകിട ജലവൈദ്യുതപദ്ധതിക്കാണല്ലോ. സ്വകാര്യ വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനായി KSEB ഉദ്യോഗസ്ഥരിൽ നിന്നും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, വാർഡ് മെമ്പർ എന്നിവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി സംബന്ധിച്ച വിശദ വിവരങ്ങൾ, സാങ്കേതികവും അല്ലാത്തതും DPR (വിശദമായ പ്രൊജക്ട് റിപ്പോർട്ട്) ൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

❖ **Schedule of consultations with key stakeholders and brief description of public hearings conducted**

**പൊതുഅവകാശവാദയോഗം**

ഈ പദ്ധതി നടപ്പിലാക്കുന്നതിന് സ്വകാര്യ വ്യക്തികളുടെയും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ 8.60 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപ്പെടേണ്ടത്. ഇത് 28 പ്ലോട്ടുകളായി രേഖപ്പെടുത്തുകയും അതിൽ 26 എണ്ണം നേരത്തെ തന്നെ ഏറ്റെടുക്കപ്പെട്ടതായും

അറിയാൻ കഴിഞ്ഞു. ബാക്കി ഏറ്റെടുക്കപ്പെടേണ്ട 43.32 സെന്റ് സ്ഥലം സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്താൻ, സ്ഥല സന്ദർശനവും വിവിധ തരത്തിലുള്ള വിവര ശേഖരണവും നടത്തിയിരുന്നു. എന്നിരുന്നാലും RFCTLARR Act ൽ നിഷ്കർഷിക്കുന്ന രീതിയിലുള്ള ഒരു പൊതു കേൾക്കൽ യോഗം 19.08.2026 ന് ബ്ധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് നട ത്തി. ഇത് സംബന്ധിച്ച അറിയിപ്പ് 06.08.2026 ലെ രാഷ്ട്രദീപിക, കൗമുദി എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഭൂമി ഉടമയ്ക്ക് സ്പീഡ് പോസ്റ്റായും കോഴിക്കോട് ജില്ലാകളക്ടർ, സ്പെഷ്യൽ തഹസിൽദാർ (LA) ജനറൽ, കോഴിക്കോട് കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, വാർഡ് മെമ്പർ, നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസർ, അർത്ഥനാധികാരിയായ എക്സിക്യൂ ട്ടീവ് എഞ്ചിനീയർ, പ്രൊജക്ട് വിഭാഗം ഈങ്ങാപ്പുഴ എന്നിവർക്ക് കത്തുകൾ അയച്ചു കൊടുത്തിരുന്നു. സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയാനും, കൂടുതൽ വ്യക്തത വരുത്താനും പൊതുകേൾക്കൽ യോഗത്തിലൂടെ സാധിച്ചുപ്രസ്തുത യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ അർത്ഥനാധികാരിയായ അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രൊജക്ട് വിഭാഗം ഈങ്ങാപ്പുഴക്ക് അയച്ചു കൊടുത്ത്, ലഭിച്ച അഭിപ്രായം താഴെ കാണിച്ചിരിക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
പ്രോജക്ട് മാനേജരുടെ കാര്യാലയം
ചെമ്പുകടവ് III & മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതികൾ
ഈങ്ങാപ്പുഴ, P.O. പുതുപ്പാടി, കോഴിക്കോട് - 673586,
ഫോൺ: 0495 2985600, 9446008429
Email: pmchembukadavu@gmail.com

No. PM/CH-III&MRPZA/DB-23/2017-18 /144 തീയ്യതി: 21.08.2026

ഡയറക്ടർ
കയ്റോസ്
ബെർണ്ണാച്ചേരി
കണ്ണൂർ

വിഷയം: മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി– ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാത പഠനം - പബ്ലിക് ഹിയറിങ്- മറുപടി സംബന്ധിച്ച്

സൂചന: 19.08.2026 ലെ പബ്ലിക് ഹിയറിങിന്റെ മിനുട്സ്.

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ തിരുവമ്പാടി, നെല്ലിപ്പൊയിൽ വില്ലേജുകളിലായി ചാലിയാർ നദിയുടെ പോഷകനദിയായ ഇരുവഞ്ഞിപ്പുഴയിലെ ജലം പ്രയോജനപ്പെടുത്തി വൈദ്യുതി ഉല്പാദനം വിഭാവനം ചെയ്യുന്ന ഒരു റൺ ഓഫ് ദി റിവർ പദ്ധതിയാണ് മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (2x3 MW). 6 MW സ്ഥാപിത ശേഷിയുള്ള ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 14.84 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദനം പ്രതീക്ഷിക്കുന്നു.

പദ്ധതിയുടെ നടത്തിപ്പിന് 5.7639 ഹെക്ടർ സ്വകാര്യ ഭൂമി (26 പ്ലോട്ട്) നെഗോഷിയേറ്റഡ് പർച്ചേസിലൂടെ ഏറ്റെടുത്തിട്ടുള്ളതാണ്. ഏറ്റെടുക്കാൻ ബാക്കിയുള്ള ഭൂമികളിൽ ഒന്നായ ശ്രീ.അബ്രാഹാം കളവട്ടത്തിൽ എന്നവരുടെ 43.32 സെന്റ് ഭൂമി LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന്റെ ഭാഗമായി പബ്ലിക് ഹിയറിങ് 19.08.2026 ന് കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വച്ച് നടന്നിരുന്നു. പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ആശങ്കകൾക്കും പരാമർശങ്ങൾക്കുമുള്ള മറുപടി ചുവടെ ചേർക്കുന്നു.

Para 1.

ശ്രീമതി. അന്നക്കുട്ടി ദേവസ്യ (ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്)-

അഭിപ്രായമില്ല

Para 2.

പബ്ലിക് ഹിയറിങ്ങിൽ ശ്രീ. അബ്രാഹാം കളവട്ടത്തിൽ ഉന്നയിച്ച ആശങ്കകൾക്കും പരാമർശങ്ങൾക്കുമുള്ള മറുപടി ചുവടെ ചേർക്കുന്നു.

ശ്രീ. അബ്രാഹാം കെ.എസ്.ഇ.ബി. പദ്ധതി നടപ്പിലാക്കുമോ എന്ന ആശങ്ക ഉന്നയിച്ചിരുന്നു. മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും, വിവിധ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും കെ.എസ്.ഇ.ബി. സ്വീകരിച്ചുവരുന്നുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി 5.7639 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. വനഭൂമി ലഭിക്കുന്നതിനായി സ്റ്റേജ്-I ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. അന്തിമ അനുമതി ലഭിക്കുന്നതിനാവശ്യമായ തുടർനടപടികളും സ്വീകരിച്ചുവരുന്നു. അതിനാൽ, ആവശ്യമായ നടപടികൾ പൂർത്തിയാക്കി മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ഊർജിതമായി തുടരുകയാണ്.

അദ്ദേഹത്തിന്റെ മറ്റൊരു ആശങ്ക നിലവിലുള്ള റോഡ് സൌകര്യം നഷ്ടപ്പെടുമോ എന്നായിരുന്നു.

എന്നാൽ KSEBL അദ്ദേഹത്തിന്റെ ഭൂമിയുടെ ചെറിയൊരു ഭാഗം മാത്രമാണ് ഏറ്റെടുക്കുന്നത്. നിലവിലെ മണ്ണ് റോഡ് ഭാഗത്ത് പദ്ധതിയുടെ കനാൽ ക്രോസ് ചെയ്യുന്ന സ്ഥലത്ത് കൾവർട്ട് നിർമ്മിച്ച് മണ്ണിട്ട് നികത്തി ഉപയോഗപ്രദമാക്കുന്നതാണ്. ആയതിനാൽ, ബാക്കിയുള്ള ഭൂമിയിലേക്കുള്ള പ്രവേശന സൗകര്യം നഷ്ടപ്പെടുന്നതല്ല. നിലവിലുള്ള മൺറോഡിന് യാതൊരു കോട്ടവും ഉണ്ടാകുന്നതല്ല.

കൂടാതെ കുഴിക്കൂറുകളുടെയും ചമയങ്ങളുടെയും മൂല്യം, പബ്ലിക് ഹിയറിങ്ങിൽ സ്പെഷ്യൽ തഹസിൽദാർ (LA) വ്യക്തമാക്കിയതുപോലെ, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചായിരിക്കും നിർണയിക്കുക.

Para 3

ശ്രീ. ശിവദാസൻ താഴ്ത്തലത്ത് (മെമ്പർ , വാർഡ് -7)

പബ്ലിക് ഹിയറിങ്ങിൽ സ്പെഷ്യൽ തഹസിൽദാർ (LA) വ്യക്തമാക്കിയതുപോലെ, നിയമാനുസൃതമായ നഷ്ടപരിഹാരം ഉടമസ്ഥ് നല്കുന്നതായിരിക്കും

Para 5

ശ്രീ ഫൈസൽ ആർ എസ് (സ്പെഷ്യൽ തഹസിൽദാർ (LA), കോഴിക്കോട് )

അഭിപ്രായമില്ല

വിശ്വസ്തതയോടെ,

(ഒപ്പ്)

പ്രോജക്ട് മാനേജർ

കോപ്പി: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മറിപ്പുഴ എസ്.എച്ച്.ഇ.പി

ഫയൽകോപ്പി

# Land assessment

❖ **Describe with the help of maps information from land inventory and primary sources.**

വിശദമായ പ്രൊജക്ട് റിപ്പോർട്ടിനോടൊപ്പം (DPR) ലഭിച്ച സ്ഥലത്തിന്റെ ഭൂപടത്തിൽ നിന്നും അതിലെ വിവരങ്ങളിൽ നിന്നും ഭൂമി സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിരുന്നു. ഭൂമിയുടെ തെക്ക് ഭാഗം അതിരായി ഇരുവഞ്ഞിപ്പുഴയും ബാക്കി 3 ഭാഗത്തും വനമേഖലയുമാണ് എന്ന് വ്യക്തമാണ്.

| ക്രമ നമ്പർ | സർവ്വേ നമ്പർ | വില്ലേജ്/ദേശം | വിസ്തീർണ്ണം |
|---|---|---|---|
| 1 | അൺസർവ്വേ | നെല്ലിപ്പൊയിൽ | 0.175319 ഹെക്ടർ |

❖ **Entire area of impacts under the influence of the project. (not limited to land area for acquisition).**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കപ്പെടുന്നതുകൊണ്ട് യാതൊരു തരത്തിലുമുള്ള പാരിസ്ഥിതിക ആഘാതങ്ങളും ഉണ്ടാകുന്നില്ല എന്ന് വിശദമായ പ്രൊജക്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഈ പ്രദേശം മാത്രം ആശ്രയിച്ചുകൊണ്ട് ആരും തന്നെ ഒരു ജോലിയും ചെയ്യുന്നില്ല എന്നും ഈ മേഖലയിൽ ആരും താമസിക്കുന്നില്ല എന്നും വ്യക്തമാക്കിയതാണ്. അതുകൊണ്ട് തന്നെ ഈ സ്ഥലം ഏറ്റെടുക്കുന്നതുകൊണ്ടുള്ള ആഘാതം സ്ഥലപരിമിതിക്കുള്ളിൽ നിൽക്കുന്നു. ഭൂഉടമയ്ക്ക് ഉണ്ടാകുന്ന ആഘാതം സ്ഥലത്തിന് ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നതോടെ പരിഹരിക്കപ്പെടുന്നു.

❖ **Total land required for the project.**

ഈ ചെറുകിട ജലസേചന പദ്ധതിക്കായി മൊത്തം ആവശ്യമുള്ള 8.60 ഹെക്ടർ സ്ഥലമാണ്. ഇതിൽ 1.10 ഹെക്ടർ സ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ളതും 7.50 ഹെക്ടർ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളതുമാണ്. ഇതിൽ 43.30 സെന്റ് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള പഠനമാണ്.

❖ **Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project**

28 പ്ലോട്ടുകളിലായി 8.60 ഹെക്ടർ സ്ഥലമാണല്ലോ ഈ പദ്ധതിക്കായി ആവശ്യമായി വരുന്നത്. ഇത് 28 പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. അതിൽ 26 പ്ലോട്ടുകൾ ഇതിനകം തന്നെ ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞതാണ്. ഇരുപത്തി ഏഴാമത്തെ പ്ലോട്ടാണ് ഇത്.

## ❖ Quantity and location of the land proposed to be acquired for the project

തെക്കു ഭാഗത്ത് ഇരുവഞ്ചിപ്പുഴയും ബാക്കി രണ്ട് ഭാഗത്ത് സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഒരു ഭാഗത്ത് വനമേഖലയുമാണ്. സ്വകാര്യ വ്യക്തിയുടെയും ഭൂമിയാണ്. ഇത് കുണ്ടൻതോട് എന്നറിയപ്പെടുന്ന സ്ഥലമാണ്.

## ❖ Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses

ഇത് തോട്ടം വിഭാഗത്തിൽപ്പെടുന്ന സർവ്വേ ചെയ്യപ്പെടാത്ത ഭൂമിയാണ്. നിലവിൽ ഇത് കൃഷിക്കായി ഉപയോഗിച്ചു വരുന്നു. കുരുമുളക് കാപ്പി, കൊക്കോ, ജാതിക്ക, തേക്ക്, പ്ലാവ്, ആഞ്ഞിലി എന്നിവ ഈ ഭൂമിയിലുണ്ട്. കുരുമുളക് വള്ളികൾ, ജാതിക്ക, കൊക്കൊ, കാപ്പി എന്നിവ ആദായം നൽകുന്നവയാണ്. ഈ ഭൂമി പാരമ്പര്യമായി അബ്രഹാമിന്റെ കൈവശം വന്നു ചേർന്നതാണ്. ഏകദേശം 30 വർഷമായി ഇദ്ദേഹ ത്തിന്റെ കൈവശാവകാശത്തിലാണ്.

## ❖ Land prices and recent changes in ownership, transfer and use of land over the last three years

പൊതുവെ ജനവാസമുള്ള മേഖലയായിരുന്നു ഈ പ്രദേശം. എന്നാൽ വർദ്ധിച്ചു വരുന്ന വന്യമൃഗ ശല്യം, ഗതാഗത സൗകര്യക്കുറവ്, വാർത്താവിനിമയ സൗകര്യക്കുറവ് എന്നിവ മൂലം ഇവിടുത്തെ താമസക്കാർ ഇവിടെ നിന്നും മാറിതാമ സിക്കാൻ നിർബന്ധിതരായി. ഇപ്പോൾ ഈ സ്ഥലത്ത് കുരുമുളക് കാപ്പി, കൊക്കോ, ജാതിക്ക എന്നിവ കൃഷി ചെയ്ത് വരുന്നുണ്ട്. കൂടാതെ ഇവിടെ തേക്ക്, പ്ലാവ്, ആഞ്ഞിലി എന്നിവ കൂടിയുണ്ട്. ആദ്യ ഘട്ടത്തിൽ നെഗോഷ്യേറ്റഡ് പർച്ചേസ് നടത്തു

മ്പോൾ സ്ഥലത്തിന് ഒരു സെന്റിന് 37,500/ രൂപയാണ് വില നിശ്ചയിക്കപ്പെട്ടിരുന്നത്. എന്നാൽ കല്ലട-മേപ്പാടി തുരങ്ക പാതയുടെ നിർമ്മാണോദ്ഘാടനം, വിനോദ സഞ്ചാര ത്തിന്റെ വർദ്ധിച്ചു വരുന്ന പ്രാധാന്യം എന്നിവ കാരണം ഇപ്പോൾ സ്ഥലത്തിന് ഏക ദേശം 50,000/ രൂപ വരെ സെന്റിന് വിലയുള്ളതായി അറിയുന്നു.

## Estimation and enumeration (where required) of affected families and assets.

### ❖ Estimation of families

ഈ സ്ഥലത്ത് ഇപ്പോൾ ആരും തന്നെ താമസിക്കുന്നില്ല.

❖ **Families which are directly affected (own land that is proposed to be acquired)**

സ്ഥലം ഉടമയായ അബ്രഹാമിനെയും കുടുംബത്തെയുമാണ് ഈ സ്ഥലമേറ്റെടുപ്പ് നേരിട്ടു ബാധിക്കുന്നത്.

❖ **Family of scheduled tribes and other traditional forest dwellers who have lost any of their forest rights.**

ഇല്ല

❖ **Families which depend on common property resources which will be affected due to acquisition of land for their livelihood**

ഇല്ല

❖ **Families which have been assigned land by the state government or the central government under any of its schemes and such land is under acquisition**

ഇല്ല

❖ **Families which have been residing on any land in the urban areas for preceeding 3 years or more prior to the acquisition of the land**

ഇല്ല

### ❖ Families which are indirectly impacted by the project (not affected directly by the acquisition of own land)

ഇല്ല

## ❖ Inventory of productive assets and significant lands

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | ആസ്തികൾ |
|---|---|---|
| 1 | അബ്രഹാം കെ ഇ | കുരുമുളക്- 300, കൊക്കൊ-30, കാപ്പി-15, ജാതി-15, തേക്ക് -4, പ്ലാവ് -2, ആഞ്ഞിലി -1 |

# Socio- economic and cultural profile (affected area and resettlement site)

### ❖ Demographic details of the population in the project area

ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്ന സ്ഥലത്തെ സംബന്ധിച്ച് നേരത്തെ തന്നെ വ്യക്തമാക്കിയതാണ്. ഇപ്പോൾ ഇവിടെ ആരും തന്നെ താമസിക്കുന്നില്ല. അതുകൊണ്ട് തന്നെ പുനരധിവാസ പ്രശ്നം ഉണ്ടാകുന്നില്ല. ഈ പ്രദേശത്ത് ഒരു പ്രത്യേക സാംസ്ക്കാരിക വിശദീകരണം ആവശ്യമില്ല എന്നു കൂടി വ്യക്തമാക്കുന്നു.

## ❖ Income and poverty levels

ഈ ഭൂമിയിൽ ഇപ്പോൾ ആരും തന്നെ താമസിക്കുന്നില്ല. അതിനാൽ വിശദീകരണം ആവശ്യമില്ല.

### ❖ Vulnerable groups

ബാധകമല്ല

### ❖ Land use and livelihood

ഈ പ്രദേശത്ത് ആരും തന്നെ താമസിക്കുന്നില്ല. വർഷങ്ങൾക്കു മുമ്പ് ഏറെ കുടുംബങ്ങൾ ഇവിടെ കൃഷി ചെയ്ത് ജീവിച്ച് വന്നിരുന്ന ഭൂമി ആയിരുന്നെങ്കിലും വന്യമൃഗശല്യം, യാത്രാദുരിതം, വാർത്താവിനിമയ സൗകര്യക്കുറവ് എന്നിവ കാരണം ഇവർ എല്ലാവരും താമസം ഉപേക്ഷിച്ചു പോയ സ്ഥലമാണ്. എന്നാലും ഇപ്പോഴും ഇവർ ഇവിടെ കൃഷി ചെയ്തു വരുന്നുണ്ട്.

- **Local economic activities**

വിജനമായ പ്രദേശമാണെങ്കിലും ഇവിടെ വിവധ തരത്തിലുള്ള നാണ്യ വിളകൾ കൃഷി ചെയ്തു വരുന്നുണ്ട്. ഈ കർഷകർ ഈ പ്രദേശത്തു നിന്നും അകലെയാണ് താമസിക്കുന്നത്.

- **Factors that contribute to local livelihood**

ബാധകമല്ല

- **Kinship patterns and social and cultural organizations.**

ബാധകമല്ല

- **Administrative organizations**

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ VII -ാം വാർഡിൽപ്പെടുന്ന പ്രദേശമാണ്.

- **Political organizations**

ഈ പ്രദേശത്ത് ജനവാസമില്ലെങ്കിലും ഏകദേശം 500 മീറ്റർ അകലെയുള്ള ജനവാസ മേഖലയിൽ CPI(M), INC, BJP എന്നീ കക്ഷി രാഷ്ട്രീയ പാർട്ടികൾ സജീവമാണ്.

- **Community based and civil society organizations**

ഒന്നുമില്ല.

- **Regional dynamics and historical change processes**

പഴയ കാലത്ത് ശക്തമായ ഒഴുക്കുണ്ടായിരുന്ന ഇവിടുത്തെ പുഴയിലൂടെ ആളുകൾ ഇരുവശത്തേക്കും ആൾക്കാർ കടന്നു പോയിരുന്നത് വഞ്ചിയിലൂടെയായിരുന്നു. നല്ല ഒഴുക്കുള്ള സമയത്ത് സുരക്ഷിതമായി കടക്കുന്നതിന് രണ്ട് വഞ്ചികൾ ചേർത്തു കെട്ടി ചങ്ങാടം പോലെ ആക്കിയായിരുന്നു യാത്ര. രണ്ട് വഞ്ചികൾ ചേർത്തു കെട്ടി കടത്തായി ഉപയഗിച്ചതിനാലാവാം ഈ പുഴയ്ക്ക് ഇരുവഞ്ചിപുഴ എന്ന പേര് വന്നത് എന്നറിയാൻ കഴിഞ്ഞു. കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആനക്കാംപൊയിൽ എന്ന ചെറുപട്ടണ പ്രദേശത്തിനടുത്തായാണ് അധികമൊന്നും ശ്രദ്ധിക്കപ്പെടാത്ത വിനോദ സഞ്ചാരകേന്ദ്രമായ മറിപ്പുഴ സ്ഥിതി ചെയ്യുന്നത്. കോഴിക്കോട് ജില്ലയെയും

വയനാടിനെയും പരസ്പരം ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട തണൽ റോഡിന്റെ ആരംഭ ബിന്ദുവാണ് മറിപ്പുഴ. പ്രാദേശികമായി പരസ്പരം ബന്ധിപ്പിക്കാനുതകുന്ന ഈ പദ്ധതി പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഗതിവേഗം വർദ്ധിക്കുന്നതാണെങ്കിലും പരിസ്ഥിതി ലോലമേഖലയായ പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറേ ചെരിവിലുള്ള ഈ പ്രദേശം ചെങ്കുത്തായ മലനിരകൾ കാരണം സോയിൽ പൈപ്പിംഗ് പ്രതിഭാസത്തിന് ഏറെ സാധ്യതയുള്ള മേഖലയാണ്. പശ്ചിമഘട്ട മലനിരകളുടെ പടിഞ്ഞാറ് ഭാഗത്തെ ചെരിവിൽ വടക്ക ഭാഗത്ത് നീല മലയും കിഴക്ക് വെള്ളരിമലയും തെക്ക് മരുതംകോട്ട് മലയും ചുറ്റിനിൽക്കുന്ന ഇരുവഞ്ഞിപ്പുഴയുടെ ഇരുകരകളിലുമായുള്ള മാവാതുക്കൽ, ചെറുശ്ശേരി, കരിമ്പ്, നടുക്കണ്ടം, മുത്തപ്പൻപുഴ, കണ്ടപ്പൻചാൽ എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ആനക്കാംപൊയിൽ. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഉണ്ടായ കൊടുംപട്ടിണിയിൽ നിന്ന് രക്ഷപ്പെടുന്നതിനായി മദ്ധ്യതിരുവിതാംകൂറിലെ ക്രിസ്തുമത വിശ്വാസികളുടെ മലബാറിലേക്കുള്ള കുടിയേറ്റം ചരിത്രത്തിന്റെ ഒരു ഭാഗമാണല്ലോ. ഈ കുടിയേറ്റക്കാർ ഇവിടെ ഭൂമി വാങ്ങി താമസം ആരംഭിച്ച് സുഗന്ധദ്രവ്യങ്ങൾ കൃഷി ചെയ്ത് ഈ പ്രദേശത്തെ കാർഷിക വികസനത്തിന് തുടക്കം കുറിച്ചു. എന്നാൽ സമീപകാലത്ത് വന്യമൃഗശല്യം രൂക്ഷമാവുകയും പൊതുഗതാഗത സൗകര്യവും, വാർത്താവിനിമയ സൗകര്യവും ആവശ്യമായ പുതിയ കാലഘട്ടത്തിൽ ഈ പ്രദേശത്തെ മുഴുവൻ താമസക്കാരും താഴ് വാരത്തിലേക്ക് താമസം മാറിയതായി കാണുന്നു. അഡ്വഞ്ചറസ് ടൂറിസത്തിന്റെ ഭാഗമായുള്ള ഇന്റർനാഷണൽ റാഫ്റ്റിംഗ് അടക്കമുള്ള മത്സരങ്ങൾ സംഘടിപ്പിച്ച് വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കാനുള്ള ശ്രമത്തിലാണ് പ്രാദേശിക ഭരണകൂടം. ഏറെ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് വിപുലമായ സാധ്യതയുള്ള ഇരുവഞ്ചിപ്പുഴയും സമീപ പ്രദേശങ്ങളും വികസന സാധ്യതകളെ പ്രതീക്ഷിക്കുന്നു.

- ❖ **<u>Quality of living environment</u>**

ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്ന ഈ പ്രദേശത്ത് ആരും തന്നെ ഇപ്പോളേ താമസിക്കുന്നില്ല. ഇവിടെ നിന്നും ഏകദേശം 500 മീറ്റർ ചുറ്റളവിന് പുറത്താണ് ജനവാസമുള്ളത്. ഇവർ പൊതുവെ നല്ല സാഹചര്യത്തിൽ ജീവിക്കുന്നവരാണ്.

## Social Impact Management Plan

- **Approach to mitigation**

ഈ ഒരു ചെറുകിട ജലവൈദ്യുത പദ്ധതിക്കായി മൊത്തം ആവശ്യമുള്ള 28 പ്ലോട്ടുക ളായിട്ടുള്ള 8.60 ഹെക്ടർ ഭൂമിയുടെ 26 പ്ലോട്ടുകൾ ഏറ്റെടുത്തു കഴിഞ്ഞതാണ്. ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം 43.32 സെന്റ് മാത്രമാണ്. ഈ സ്ഥലം നേരത്തെ വ്യക്തമാക്കിയതു പോലെ പലവിധത്തിലുള്ള കാർഷിക നാണ്യ വിളകൾ കൃഷി ചെയ്തു വരുന്ന ഭൂമിയാണ്.

- **Measures to avoid, mitigate and compensate impact**

- സാമ്പത്തിക നടപടികൾ

ഇപ്പോൾ ഈ പദ്ധതിക്കായി ഒരു സ്വകാര്യ വ്യക്തികളുടെ 43.30 സെന്റ് സ്ഥലം മാത്ര മാണ് ഏറ്റെടുക്കപ്പെടുന്നത്. ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലത്തിന്റെ 90 ശത മാനത്തിലധികം ഭൂമി ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞതാണ്. ഈ ഭൂമിക്കും അതിലെ ചമയങ്ങൾക്കും ന്യായമായ നഷ്ടപരിഹാരം നൽകപ്പെടുന്നതോടെ സ്ഥലം ഉടമയുടെ പ്രയാസങ്ങൾ പരിഹരിക്കപ്പെടുന്നു.

- **പാരിസ്ഥിതിക നടപടികൾ**

ഈ പദ്ധതി നടപ്പിലാക്കുമ്പോൾ, സാധാരണ ഡാം നിർമ്മിക്കുമ്പോൾ ഉണ്ടാകുന്ന തര ത്തിൽ, സ്ഥലം വെള്ളത്തിന്റെ അടിയിൽ ആകുന്നില്ല. മറിപ്പുഴയുടെ വൃഷ്ടി പ്രദേശം സമീപത്തുള്ള വനമേഖലയാണ്. ഈ പദ്ധതി വനമേഖലയെ ബാധിക്കാത്തതിനാൽ, നദിയുടെ വൃഷ്ടി പ്രദേശത്തെയോ, ജലലഭ്യതയെയോ ബാധിക്കുന്നില്ല. സയ്സ്മിക് 111 മേഖലയിൽപ്പെട്ട സ്ഥലമായതിനാൽ തീവ്രതയുള്ള ഭൂകമ്പത്തിന് സാധ്യതയില്ലാത്ത മേഖലയാണ്. ഭൂകമ്പ സംബന്ധമായ ഏതെങ്കിലും തരത്തിലുള്ള ഹാനി സംഭവിക്കുക യാണെങ്കിൽ അത് പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണെന്ന് DPR ൽ പറയുന്നു. അതുപോലെ തന്നെ മണ്ണൊലിപ്പ് മുതലായവയെ പ്രതിരോധിക്കാൻ 3-4 മീറ്റർ ആഴത്തിൽ വേരുപിടിക്കുന്ന രാമച്ചം നട്ടു പിടിപ്പിക്കാനും ശുപാർശയുണ്ട്. ജന വാസമേഖലയല്ലാത്തതിനാൽ പുനരധിവാസമോ, പുനസ്ഥാപനമോ ആവശ്യമായി വരുന്നില്ല എന്നതും ഒരു അനുകൂല ഘടകമാണ്. ചെറുകിട ജലവൈദ്യുത

പദ്ധതിയായതിനാൽ തന്നെ ജലപ്രവാഹത്തിന്റെ പ്രവേഗത്തിൽ സാരമായ മാറ്റം സൃഷ്ടിക്കാത്ത സാഹചര്യത്തിൽ ജലത്തിലെ ആവാസ വ്യവസ്ഥയ്ക്കും യാതൊരു ആഘാതവും ഉണ്ടാകുന്നില്ല.

- **<u>Measures that are included in the terms of rehabilitation and resettlement and compensation as outlined in the act.</u>**

ഈ സ്ഥലം ജനവാസ മേഖലയല്ലാത്തതിനാൽ പുനരധിവാസമോ, പുനസ്ഥാപനമോ ആവശ്യമില്ല.

- **Measures that tha requiring Body has stated it will introduce in the Project roposal.**

ഉണ്ടാകാനിടയുള്ള എല്ലാതരത്തിലുള്ള ആഘാതങ്ങൾക്കും DPR ൽ വ്യക്തത വരുത്തിയിട്ടുണ്ട്.

- **<u>Alterations to project design and additional measures that may be required to address the extent and intensity of impacts across various groups as identified during the social impact assessment process</u>**

ഏറെ വിശദമായ പഠനത്തിന് ശേഷമാണ് DPR തയ്യാറാക്കിയിരിക്കുന്നത്. മാത്രവുമല്ല ഒരു തരത്തിലുമുള്ള പാരിസ്ഥിതിക, സാമൂഹ്യ ആഘാതങ്ങൾ ഒന്നും തന്നെ ഉണ്ടാതകാത്തതിനാൽ, ഡിസൈനിൽ മാറ്റം വരുത്തേണ്ട ആവശ്യം ഇല്ല.

- **<u>Detailed mitigation plan</u>**

പാരിസ്ഥിതികമായി ഒരു തരത്തിലുമുള്ള ആഘാതവും ഉ ാകാത്ത രീതിയിലാണ് ചെറുകിട ജലവൈദ്യുത പദ്ധതി ഡിസൈൻ ചെയ്തിരിക്കുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആഘാതം ഉ ാകുകയാണെങ്കിൽ അത് പരിഹരിക്കാനുള്ള നടപടികൾ വ്യക്തമായി പദ്ധതി റിപ്പോർട്ടിൽ പരാമർശിച്ചിട്ടു ് എന്ന് നേരത്തെ തന്നെ സൂചിപ്പിച്ചതാണ്. ഭൂഉടമയ്ക്ക് നിയമാനുസൃതമുള്ള നഷ്ടപരിഹാരം നൽകിയാൽ അവർക്കുള്ള ആഘാതം ലഘൂകരിക്കപ്പെടുകയും പൂർണ്ണമായും ഇല്ലാതാകുകയും ചെയ്യുന്നു.

## <u>Social Impact Management Plan (SIMP)- Institutional framework</u>

- **<u>Description of institutional structures and key person responsible for each mitigation measures</u>**

RFCTLARR ആക്റ്റ് പ്രകാരം ചുമതലപ്പെടുത്തിയ റവന്യൂ അധികൃതരും പദ്ധതി നടപ്പിലാക്കുന്ന KSEB ഉദ്യോഗസ്ഥരും

- **<u>Specify role of NGO's etc, if involved</u>**

ഇല്ല

- **<u>Indicate capacities required and capacity building plan, including technical assistance, if any</u>**


കേരളത്തിലെ വൻകിട ജലവൈദ്യുത പദ്ധതികൾ അടക്കം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന KSEB Ltd എന്ന പൊതുമേഖല സ്ഥാപനത്തിന് ഇതുപോലുള്ള ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കാൻ പ്രത്യേക തരത്തിലുള്ള സാങ്കേതിക സഹായം ആവശ്യമായി വരുന്നില്ല.

- **Timelines for each activity**

ഈ പദ്ധതി നടപ്പിലാക്കാൻ രണ്ടര വർഷമാണ് പദ്ധതി റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നത്.

- **Timelines for each activity**

MARIPUZHA SHEP - BAR CHART
CONSTRUCTION PROGRAM




196

## Social impact management plan- Budget and financing of mitigation plan

❖ **Cost of all resettlement and rehabilitation costs**

പുനരധിവാസമോ, പുനസ്ഥാപനമോ ആവശ്യമായി വരുന്നില്ല.

❖ **Annual budget and plan of action**

ഈ ഒരു പദ്ധതിക്കായി 2025- 26 ബഡ്ജറ്റ് എസ്റ്റിമേറ്റ് 7 കോടിയും പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് 4 കോടിയും 2026-27 ൽ അത് 20 കോടിയുമാണ്. 14-84 അക്കൗണ്ട് ഹെഡിലാണ്.

❖ **Funding sources with breakup**

## Social Impact Management Plan(SIMP)- Monitoring and evaluation

❖ **Key monitoring and evaluative indicators**

1. പദ്ധതി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രതിമാസ,അർദ്ധവാർഷികമായി ചെലവഴിക്കപ്പെടുന്ന പണത്തിന് ആനുപാതികമായി വിശദമായ നിർമ്മാണ പദ്ധതിയുണ്ട്.

I. വിവിധ പദ്ധതി ഘട്ടങ്ങളിലേക്കുള്ള റോഡുകളുടെ നിർമ്മാണം.

II. മേജർ ഹൈഡ്രോളിക് സ്ട്രെക്ച്ചറുകളുടെയും പെൻസ്റ്റോക് പവർഹൗസ് കെട്ടിട നിർമ്മാണം

III.ഇലക്ട്രോമെക്കാനിക്കൽ, ട്രാൻസ്മിഷൻ ലെയിനുകളുടെ പ്രവർത്തി

2. നിർമ്മാണത്തിന്റെ ആദ്യം മുതൽ അവസാനം വരെ നടത്തേണ്ട പ്രവർത്തനങ്ങൾ വ്യക്തമായി DPR ൽ പരാമർശിച്ചിട്ടുണ്ട്. ഓരോ ഘട്ടത്തിലും യുക്തമായ നിരീക്ഷണവും മൂല്യനിർണ്ണയവും നടത്തപ്പെടുന്നു. പദ്ധതിക്ക് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ വർക്ക് ടെൻഡറിലൂടെ കോൺട്രാക്ടർക്ക് നൽകുകയും അതിന്റെ പ്രവർത്തികൾ എക്സിക്യൂട്ടീവ്

എഞ്ചിനീയർ/പ്രൊജക്ട് മാനേജർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നേരിട്ട് നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.

- ❖ **Reporting mechanisms and monitoring roles**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

- ❖ **Plan for independent evaluation**

DPR ൽ വ്യക്തമാക്കിയിട്ടുണ്ട്.

## ❖ Analysis of costs and benefits and recommendation on acquisition

6 MW ഉല്പാദന ശേഷിയുള്ള ജലപദ്ധതിയിൽ നിന്നും പ്രതിവർഷം 15.31 (MU) വൈദ്യുതിയാണ് പ്രതീക്ഷിക്കുന്നത്. മൊത്തം മൂലധനമായ 54.08 ൽ MNRE ഗ്രാന്റായ 4.50 കോടി ലഭിക്കുന്നു. രണ്ടര വർഷം കൊണ്ട് പൂർത്തിയാക്കപ്പെടുന്ന ജലപദ്ധതിയുടെ പ്രവർത്തനകാലം 35 വർഷമായി കണക്കാക്കിയിട്ടുണ്ട്. 11 വർഷമാകുമ്പോഴേക്കും പദ്ധതിക്കായി മുടക്കിയ തുക തിരികെ ലഭിക്കുന്നതായി കാണാം. ഗവൺമെന്റിനും ഇലക്ട്രിസിറ്റി ബോർഡിനും ലാഭം ഉണ്ടാക്കുന്ന ഈ പദ്ധതി പൊതുസമൂഹത്തിന് ഏറെ ഗുണകരമാണ്.

- ❖ **Final conclusions on:**
- ❖ Assessment of public purpose

ഏറ്റവും കൂടുതൽ വൈദ്യുതി ആവശ്യമായി വരുന്ന പീക്ക് അവറിലും (6 pmto11pm), വേനൽകാലത്തും, സംസ്ഥാനത്തിന്റെ ആവശ്യത്തിനുതകുന്ന വൈദ്യുതി ലഭ്യമല്ലാത്ത സാഹചര്യത്തിൽ കൂടുതൽ വില കൊടുത്ത് മറ്റു സംസ്ഥാനത്തു നിന്നും വൈദ്യുതി വാങ്ങി വിതരണം ചെയ്യുമ്പോൾ പൊതുസമൂഹം കൂടിയ വില നൽകേണ്ടതായി വരുന്നു. അത് ഒരുപരിധി വരെ ഒഴിവാക്കാനായിട്ടാണ്

ഗവൺമെന്റ് / KSEB ചെറുകിട ജലവൈദ്യുത പജദ്ധതികൾ നടപ്പിലാക്കണം. ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കപ്പെട്ട് വൈദ്യുതി പ്രസരണം നടത്തുമ്പോൾ യഥാർത്ഥത്തിൽ ഗുണെ ലഭിക്കുന്നത് പൊതു സമൂഹത്തിനാണ്. അതിനാൽ ഭൂമിഏറ്റെടുക്കപ്പെട്ടത് പൊതു ആവശ്യത്തിന് തന്നെയാണ്.

- <u>Less displacing alternatives</u>

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയർ (C) ഇൻവെസ്റ്റിഗേഷൻ ആന്റ് പ്ലാനിംഗിന്റെ 23.12.2016 ലെ BO(DB) No.3373/2014(DGC/AEE-1/MARIPUZHA/2014 പ്രകാരം ചാലിയാറിന്റെ പോഷകനദിയായ ഇരുവഞ്ഞിപ്പുഴയിൽ 6 MW വൈദ്യുതി ഉല്പാദിപ്പിക്കാൻ ശേഷിയുള്ള മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി. 13.02.2025 ലെ GO (Rt) No.39/2015/PD പ്രകാരം സർക്കാരും ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. ഇത്തരത്തിൽ ഭരണാനുമതി നൽകപ്പെട്ട ഈ പദ്ധതി നടപ്പിൽ വരുത്തുമ്പോൾ സാധാരണ വൻകിട ജലവൈദ്യുത പദ്ധതിക്ക് ഉണ്ടാകുന്ന രീതിയിൽ ഭൂമി വെള്ളത്തിനടിയിൽ ആകുകയോ, ജനങ്ങളെ പുനരധിവസിപ്പിക്കുകയോ, പുനസ്ഥാപനം നടത്തുകയോ ആവശ്യമില്ലാത്തതും ആരുടെയെങ്കിലും തൊഴിലിനോ, വരുമാനത്തിനോ ആഘാതം സൃഷ്ടിക്കാത്തതും പാരിസ്ഥിതിക പ്രയാസവും ഉണ്ടാകാത്ത രീതിയിലാണ് സ്ഥലം കണ്ടെത്തലും പദ്ധതി നടപ്പിലാക്കലും. കൂടാതെ ഏറെ കാലത്തെ വിശദമായ പഠനത്തിന് ശേഷമാണ് ഇത്തരം അനുയോജ്യമായ സ്ഥലം കണ്ടെത്തിയതും അതുകൊണ്ടു തന്നെ സ്ഥലം സംബന്ധിച്ചോ, പദ്ധതി സംബന്ധിച്ചോ പകരം സൗകര്യം അന്വേഷിക്കേണ്ട ആവശ്യമില്ല.

- <u>Minimum requirement of land</u>

ഇതിനാവശ്യമായ 7.50 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം പദ്ധതിക്കാവശ്യമായ കുറഞ്ഞ സ്ഥമാണ് പൊതു/സർക്കാർ ഉടമസ്ഥതതയി ലുള്ള 1.10 ഹെക്ടർ സ്ഥലവും സ്വകാര്യ വ്യക്തികളുടെ 7.50 സ്ഥലവുമ ടക്കം 8.60 ഹെക്ടർ സ്ഥലമാണ് ആവശ്യമായി വരുന്നത്.

- Nature and intensity of social impacts

നേരത്തെ വ്യക്തമാക്കിയതുപോലെ ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന സ്ഥലം ജനവാസമില്ലാത്ത സ്വകാര്യ വ്യക്തികളുടെ ഭൂമിയാണ്. ഈ ഭൂമി ഏറ്റെടുക്കുമ്പോൾ ആരെയും കുടിയൊഴിപ്പിക്കുകയോ, അതു വഴി പുനര ധിവസിപ്പിക്കപ്പെടുകയോ ചെയ്യേണ്ടതായി വരുന്നില്ല. ഈ സ്ഥലത്തെ ആശ്രയിച്ച് ആരും തൊഴിൽചെയ്യാത്തതു കൊണ്ട് തൊഴിൽ നഷ്ടം, വരു മാന നഷ്ടം എന്നീ ആഘാതങ്ങൾ ഉണ്ടാതുന്നില്ല. പൊതുവെ ഗൗരവ സ്വഭാവത്തിലുള്ള ഒരു സാമൂഹ്യ ആഘാതവും ഉണ്ടാകുന്നില്ല.

- Viable mitigation measures extent to which mitigation measures will address costs

സാരമായ സാമൂഹ്യ ആഘാതങ്ങൾ ഒന്നും തന്നെയില്ല. ആസാഹചര്യ ത്തിൽ ആഘാത ലഘൂകരണത്തിനായി പ്രത്യേക നടപടികൾ ഒന്നും തന്നെ ആവശ്യമായി വരുന്നില്ല. ഭൂഉടമയ്ക്ക് ഉണ്ടാകാനിടയുള്ള ആഘാതം ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ പരിഹരിക്കപ്പെടാവുന്നതാണ്. ഈ ഏറ്റെടുക്കൽ മൂലം ആരെയും പുനരധിവസിപ്പിക്കപ്പെടുകയോ, മറ്റെന്തെങ്കിലും തരത്തിലുള്ള നടപടി പരിഹാരമോ, ഭൂമിയുടെ വില ഒഴികെ നൽകപ്പെടേണ്ടതില്ല എന്നും നേരത്തെ വ്യക്തമാക്കിയതാണ്. ആഘാതല ഘൂകരണത്തിനായി പ്രത്യേക ചെലവ് ഇല്ലാത്തതിനാൽ പ്രശ്ന പരിഹാരം ആവശ്യമായി വരുന്നില്ല.

The above analysis will use the equity principle as a frame work of analysis for presenting a final recommendation on whether the acquisition should go through or

2012 ലെ പൊതുമരാമത്ത് വകുപ്പിന്റെ നിരക്ക് പ്രകാരം മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ചെലവ് 54.08 കോടി രൂപയാണ്. ഇതിൽ കേന്ദ്ര സർക്കാരിന്റെ ന്യൂ ആക്ട് റിന്യൂവബിൾ എനർജി മന്ത്രാലയത്തിന്റെ ഗ്രാൻരായി പ്രതീക്ഷിക്കുന്നത് 20 കോടി രൂപയാണ്. രണ്ടര വർഷം കൊണ്ട് പൂർത്തിയാക്കപ്പെടുന്ന ഈ പദ്ധതിയിൽ നിന്ന് ഒരു വർഷം ശരാശരി 15.31 MU വൈദ്യുതിയാണ് ഉല്പാദിപ്പിക്കപ്പെടുക. ഈ വൈദ്യുതിക്ക് യൂണിറ്റിന് 4.92 ആയും ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ 12.2 ശതമാനം ആയും പേബാക്ക് കാലാവധി 11 വർഷമായും കാണിച്ചിരിക്കുന്നു. അതുപോലെ പ്രൊജക്ടിന്റെ ലൈഫ് പീരിയഡ് 35 വർഷവുമാണ്. ഈഒരു കണക്കിൽ നോക്കുകയാണെങ്കിൽ സർക്കാരിന്/ KSEB Ltd ക്ക് ഏറെ ലാഭകരമായ ഒരു പദ്ധതിയായി ഇതു മാറും. സാരമായ പാരിസ്ഥിതിക സാമൂഹിക ആഘാതം ഒന്നും തന്നെ ഉണ്ടാകാനിടയില്ലാത്ത ഈ പദ്ധതി പൊതു ആവശ്യം തന്നെയാണ് എന്ന് മുന്നേ തന്നെ വ്യക്തമാക്കിയതാണ്. അതിനാൽ ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാവുന്നതാണ്.

24.08.2026

Kannur Association for Integrated Rural Organisation & Support
KAIROS
KANNUR - 13

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
കയ്റോസ് കണ്ണൂർ

## ആഘാതപഠനത്തോടനുബന്ധിച്ച് നടത്തിയ സന്ദർശനങ്ങളുടെചിത്രങ്ങൾ.













## പഞ്ചായത്ത് ഓഫീസ് സന്ദർശനം & വില്ലേജ് ഓഫീസ് സന്ദർശനം






പൊതുഅവകാശവാദയോഗം














2026/8/19 12:35



©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2026 മേയ് 07<br>07th May 2026<br>1201 മേടം 24<br>24th Medam 1201<br>1948 വൈശാഖം 17<br>17th Vaisakha 1948 | നമ്പർ<br>No. 1520 |

### തിരുത്തൽ വിജ്ഞാപനം

DCKKD/6478/2017-B1 29.04.2026

കേരള ഗസറ്റ് (അസാധാരണം) വാല്യം 15, 21/02/2025 തീയതിയിലെ 739 നമ്പർ പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിച്ച LARR Act 2013 വകുപ്പ് 4(1) പ്രകാരമുള്ള ഫോറം നമ്പർ 4 ലെ പ്രഖ്യാപനത്തിൽ ഫയൽ നമ്പറിന് നേരെ കാണിച്ചിരിക്കുന്ന തീയതി "20.02.2020" എന്നത് "20.02.2026" എന്ന് തിരുത്തി വായിക്കേണ്ടതാണ്.

(ഒപ്പ്)
ജില്ലാകളക്ടർ
കോഴിക്കോട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.07 02:31:15 +05:30

**കേരള സർക്കാർ**

**ജില്ലാ കളക്ടറുടെ കാര്യാലയം**

**സിവിൽ സ്റ്റേഷൻ പി.ഒ, കോഴിക്കോട്-20**

ഇ മെയിൽ : dckkd.rev@kerala.gov.in

ഫോൺ : 0495-2370518

DCKKD/6478/2017-B1 തീയതി :12-05-2026

പ്രേഷകൻ

ജില്ലാ കളക്ടർ,
കോഴിക്കോട്.

സ്വീകർത്താവ്

ഡയറക്ടർ,
കയ്റോസ്,
ബെർണ്ണാച്ചേരി,
കണ്ണൂർ

സർ,

വിഷയം : ഭൂമി ഏറ്റെടുക്കൽ - മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി - 4(1) നോട്ടിഫിക്കേഷൻ- തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചത് - സംബന്ധിച്ച്.

സൂചന : 1.അസാധാരണ ഗസറ്റ് നം. 739 വാല്യം 15 തീയതി 21.02.2026

2.അസാധാരണ ഗസറ്റ് നം. 1520 വാല്യം 15 തീയതി 07.05.2026

മേൽസൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.സൂചന 1 പ്രകാരം മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും ഗസറ്റ് വിജ്ഞാപനത്തിലെ തീയതിയിൽ തിരുത്ത് ഉണ്ടായിരുന്നു. എന്നാൽ 16.03.2026 മുതൽ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലും ഡെപ്യൂട്ടി കളക്ടർ എൽ.എ,കോഴിക്കോടിന് ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ വരണാധികാരിയുടെ ചുമതല ഉള്ളതിനാലുമാണ് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വൈകിയിട്ടുള്ളത്. ആയതിനാൽ സൂചന 2 തിരുത്തൽ വിജ്ഞാപന തീയതി മുതൽ 45 ദിവസത്തിനുള്ളിൽ സാമൂഹ്യാഘാത പഠനം

പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ(ജനറൽ)
ജില്ലാ കളക്ടർക്കു വേണ്ടി

"This document is electronically approved in eOffice by Sudheesh P V on 12-05-2026.Hence it does not require signature in ink"

Digitally signed by
Sudheesh P V
Date: 12-05-2026
12:44:52

കേരള സർക്കാർ

ജില്ലാ കളക്ടറുടെ കാര്യാലയം

സിവിൽ സ്റ്റേഷൻ പി.ഒ, കോഴിക്കോട്-20

ഇ മെയിൽ : dckkd.rev@kerala.gov.in

ഫോൺ : 0495-2370518

DCKKD/6478/2017-B1 തീയതി :12-05-2026

---

പ്രേഷകൻ

ജില്ലാ കളക്ടർ,
കോഴിക്കോട്.

സ്വീകർത്താവ്

ഡയറക്ടർ,
കയ്റോസ്,
ബെർണ്ണാച്ചേരി,
കണ്ണൂർ

സർ,

വിഷയം : ഭൂമി ഏറ്റെടുക്കൽ - മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി - 4(1) നോട്ടിഫിക്കേഷൻ- തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചത് - സംബന്ധിച്ച്.

സൂചന : 1.അസാധാരണ ഗസറ്റ് നം. 739 വാല്യം 15 തീയതി 21.02.2026

2.അസാധാരണ ഗസറ്റ് നം. 1520 വാല്യം 15 തീയതി 07.05.2026

മേൽസൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.സൂചന 1 പ്രകാരം മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും ഗസറ്റ് വിജ്ഞാപനത്തിലെ തീയതിയിൽ തിരുത്ത് ഉണ്ടായിരുന്നു. എന്നാൽ 16.03.2026 മുതൽ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലും ഡെപ്യൂട്ടി കളക്ടർ എൽ.എ,കോഴിക്കോടിന് ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ വരണാധികാരിയുടെ ചുമതല ഉള്ളതിനാലുമാണ് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വൈകിയിട്ടുള്ളത്. ആയതിനാൽ സൂചന 2 തിരുത്തൽ വിജ്ഞാപന തീയതി മുതൽ 45 ദിവസത്തിനുള്ളിൽ സാമൂഹ്യാഘാത പഠനം

പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ(ജനറൽ)
ജില്ലാ കളക്ടർക്കു വേണ്ടി

"This document is electronically approved in eOffice by Sudheesh P V on 12-05-2026.Hence it does not require signature in ink"

Digitally signed by
Sudheesh P V
Date: 12-05-2026
12:44:52

DCKKD/6478/2017-B1

**<u>കോഴിക്കോട് ജില്ലാ കലക്ടറുടെ നടപടിക്രമം തിയ്യതി:16-07-2026</u> .**

**(ഹാജർ –മാധവിക്കുട്ടി എം.എസ് ഐ.എ.എസ് )**

വിഷയം:- മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി- സാമൂഹ്യാഘാത പഠനം- സമയപരിധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ- അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന:- 1. മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി പ്രോജക്ട് മാനേജരുടെ 13.10.2022ലെ PM/CH - III & MRPZA/DB- 22/2017-18/196നം അർത്ഥന

2. പവ്വർ (ബി) വകുപ്പിന്റെ 13/02/2015 ലെ G.O(Rt)No.39/2015/PD/57 നം ഉത്തരവ്.

3. റവന്യൂ (ബി) വകുപ്പിന്റെ 07/10/2022 ലെ G.O(Rt)No.4062/2022/RD നം ഉത്തരവ്.

4. ഈ കാര്യാലയത്തിലെ 22.05.2023 ലെ ഇതേ നമ്പർ നടപടിക്രമം

5.അസാധാരണ ഗസറ്റ് നം. 739 വാല്യം 15 തീയതി 21.02.2026

6.അസാധാരണ ഗസറ്റ് നം. 1520 വാല്യം 15 തീയതി 07.05.2026

7. ഈ കാര്യാലയത്തിലെ 12.05.2026 തീയതിയിലെ ഇതേ നമ്പർ കത്ത്

8 . ചെയർമാൻ,സാമൂഹ്യ ആഘാത പഠന യൂണിറ്റ്,കയ്റോസ്,കണ്ണൂർ സമർപ്പിച്ച കത്ത്,തീയതി 02.07.2026

----------------

കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിക്കുവേണ്ടി നെല്ലിപ്പൊയിൽ വില്ലേജിൽ റി.സ 159/45 & 159/6767ൽ പ്പെട്ട 61.71 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് സൂചന 1 പ്രകാരം അരേത്ഥനയും അനുബന്ധരേഖകളും ലഭിച്ചിട്ടുള്ളതും സൂചന 2 , 3 പ്രകാരം ബന്ധപ്പെട്ട വകുപ്പുകളുടെ ഉത്തരവുകൾ ലഭിച്ചിട്ടുള്ളതും സൂചന 4 പ്രകാരം ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനായി സ്പെഷ്യൽ തഹസിൽദാർ(എൽ.എ ജനറൽ),കോഴിക്കോടിനെ ചുമതലപ്പെടുത്തി ഉത്തരവായതും സൂചന 5,6 പ്രകാരം 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും സൂചന 7 പ്രകാരം എസ്.ഐ.എ സ്റ്റഡി നടത്താൻ ചുമതലപ്പെട്ട കയ്റോസ്,ബർണാച്ചേരി,കണ്ണൂർ എന്ന ഏജൻസിക്ക് നിർദ്ദേശം നൽകിയതുമാണ്. എന്നാൽ മേൽ ഏജൻസിയെ ചുമതലപ്പെടുത്തി ഉത്തരവാക്കിയ കത്ത് 01.07.2025 ന് വൈകിട്ട് 5 മണിക്ക് ശേഷമാണ് ലഭിക്കുന്നതെന്നും ടി പദ്ധതിയെക്കുറിച്ച് അറിയുന്നതെന്നും ആയതിനാൽ പ്രസ്തുത സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച് സാമൂഹ്യാഘാത പഠനം പൂർത്തിയാക്കുന്നതിന് പുതിയ ഉത്തരവ് നൽകണമെന്നും പ്രസ്തുത ഉത്തരവ് തീയതി മുതൽ 45 ദിവസം സമയക്രമം അനുവദിക്കണമെന്നും സൂചന 8 പ്രകാരം

ചെയർമാൻ,സാമൂഹ്യ ആഘാത പഠന യൂണിറ്റ്,കയ്റോസ് യൂണിറ്റ് അപേക്ഷിച്ചിട്ടുണ്ട്.

ആയതിനാൽ കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിക്കുവേണ്ടി നെല്ലിപ്പൊയിൽ വില്ലേജിൽ റി.സ 159/45 & 159/6767ൽ പ്പെട്ട 61.71 സെന്റ് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യാഘാത പഠനം ഈ നടപടിക്രമ തീയതി മുതൽ നാൽപ്പത്തി അഞ്ച് ദിവസത്തിനകം സമയക്രമം കർശനമായി പാലിച്ച് പൂർത്തിയാക്കി പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കയ്റോസ്,ബർണാച്ചേരി,കണ്ണൂർ എന്ന ഏജൻസിയെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
MADHAVIKUTTY M S
Date: 16-07-2026
12:55:32

ജില്ലാ കളക്ടർ.

സ്വീകർത്താവ്

ചെയർമാൻ,സാമൂഹ്യ ആഘാത പഠന യൂണിറ്റ്,കയ്റോസ്,ബർണാച്ചേരി
പി.ഒ,കണ്ണൂർ,670013

പകർപ്പ്:-

1 സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ,കോഴിക്കോട്.

2 അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ ഇൻ ചാർജ്ജ്,മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി,ഈങ്ങാപ്പുഴ,പുതുപ്പാടി പി.ഒ,കോഴിക്കോട്,673583

**"This document is electronically approved in eOffice by MADHAVIKUTTY M S IAS on 16-07-2026. Hence it does not require signature in ink"**

ഫോറം നമ്പർ 5
(ചട്ടം (14) 1 കാണുക
പരസ്യം

കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ നെല്ലിപ്പൊയിൽ വില്ലേജിൽപ്പെട്ട താഴെ പട്ടികയിൽ വ്യക്തമാക്കപ്പെട്ട ഭൂമി, പൊതുതാല്പര്യത്തിന് ആവശ്യമുള്ളതിനാലും, അല്ലെങ്കിൽ ആവശ്യമു ാകാൻ സാദ്ധ്യതയുള്ളതിനാലും 21.02.2026 തീയ്യതിയിലെ 739 -ാം നമ്പർ, 07.05.2026 തീയ്യതിയിലെ 1520 -ാം നമ്പർ കേരള ഗസറ്റ് (അസാധാരണം) വിജ്ഞാപനത്തിന് അനുബന്ധമായി, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിവും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പ് 4 ഉപവകുപ്പ് (1) പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്. ഈ ഭൂമിയുമായി താല്പര്യപ്പെടുന്ന മുഴുവൻ വ്യക്തികളും, സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേ ിയുള്ള പൊതു അവകാശ വാദയോഗത്തിന് 2026 ഓഗസ്റ്റ് 19-ാം തീയ്യതി ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഹാളിൽ ഹാജരാകണമെന്ന് അറിയിക്കുന്നു.

| ക്രമ നമ്പർ | സർവ്വേ നമ്പർ | വില്ലേജ് | വിവരണം | ഭൂ ഉടമസ്ഥർ |
|---|---|---|---|---|
| 1 | അൺസർവ്വേഡ് ലാൻഡ് | നെല്ലിപ്പൊയിൽ | തോട്ടം | അബ്രഹാം കെ ഇ |

ചെയർമാൻ (ഒപ്പ്)
കണ്ണൂർ
04.08.2026

സാമൂഹ്യആഘാത പഠനയൂണിറ്റ്
(കയ്റോസ്- കണ്ണൂർ)

രാഷ്ട്രദീപിക-06.08.2026

## ഫോറം നമ്പർ 5 (ചട്ടം (14) 1 കാണുക)
## പരസ്യം

കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ നെല്ലിപ്പൊയിൽ വില്ലേജിൽപ്പെട്ട താഴെ പട്ടികയിൽ വ്യക്തമാക്കപ്പെട്ട ഭൂമി, പൊതുതാല്പര്യത്തിന് ആവശ്യമുള്ളതിനാലും, അല്ലെങ്കിൽ ആവശ്യമുണ്ടാകാൻ സാധ്യതയുള്ളതിനാലും 21.02.2026 തീയ്യതിയിലെ 739 -ാം നമ്പർ, 07.05.2026 തീയ്യതിയിലെ 1520-ാം നമ്പർ കേരള ഗസറ്റ് (അസാധാരണം) വിജ്ഞാപനത്തിന് അനുബന്ധമായി, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പ് 4 ഉപവകുപ്പ് (1) പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്. ഈ ഭൂമിയുമായി താല്പര്യപ്പെടുന്ന മുഴുവൻ വ്യക്തികളും, സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പൊതു അവകാശ വാദയോഗത്തിന് 2026 ഓഗസ്റ്റ് 19-ാം തീയ്യതി ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഹാളിൽ ഹാജരാകണമെന്ന് അറിയിക്കുന്നു.

| ക്രമനമ്പർ | സർവ്വേ നമ്പർ | വില്ലേജ് | വിവരണം | ഭൂ ഉടമസ്ഥർ |
|---|---|---|---|---|
| 1 | അൺസർവ്വേഡ് ലാന്റ് | നെല്ലിപ്പൊയിൽ | തോട്ടം | അബ്രഹാം കെ ജെ |

കണ്ണൂർ
04.08.2026

ചെയർമാൻ (ഒപ്പ്)
സാമൂഹ്യ ആഘാത പഠനയൂണിറ്റ്, (കയ്റോസ് - കണ്ണൂർ)

C2608-599415

കൗമുദി-06.08.2026

## ഫോറം നമ്പർ 5 (ചട്ടം (14) 1 കാണുക
## പരസ്യം

[illegible]

| ക്രമ നമ്പർ | സർവ്വേ നമ്പർ | വില്ലേജ് | വിവരണം | ഭൂ ഉടമസ്ഥർ |
|---|---|---|---|---|
| 1 | അൺസർവ്വേഡ് ലാന്റ് | നെല്ലിപ്പൊയിൽ | തോട്ടം | അബ്രഹാം കെ ജെ |

കണ്ണൂർ

ചെയർമാൻ (ഒപ്പ്)

മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി സ്വകാര്യ. വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് - സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന്റെ ഭാഗമായി ഭൂവുടമകളുടെയും മറ്റ് തൽപര കക്ഷികളുടെയും ഒരു പൊതുതെളിവെടുപ്പ് യോഗം കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഹാളിൽ 19/08/2026 ന് കോടഞ്ചേരി ഉച്ചയ്ക്ക് 12 മണിക്ക് ചേർന്ന യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും

ഹാജർ:

1. [illegible] [signature]
2. [illegible] K.E [signature]
3. [illegible] K.E [signature]
4. [illegible] (LA) [signature]
5. Preethi.P.T, Executive Engineer, Maripuzha Chembukadavu SHEP KSEBL [signature]
6. Remya.T.K, Asst. Executive Engineer, Maripuzha Chembukadavu SHEP'S KSEBL [signature]
7. Jithya K K, Assistant Engineer, Maripuzha & Chembukadavu III SHEPS KSEBL [signature]
8. Manju.M, RI, LA General, Kozhikode [signature]
9. Divya.O, VA, LA General, KKD [signature]
10. Sivadasan Thazhpalale ward 7 Member [signature]
11. Mini Sunny H&E Chairperson. [signature]
12. Reena Biju ward member [signature]
13. Sajimi Ramankutty ward member [signature]
14. Jessy Reji. SIAS unit member. [signature]
15. K.V. Chacko, member SIAS unit [signature]